www.societytodaynews.com

2024 OCTOBER
31
THURSDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621


# കൊച്ചി ഇനി പുഞ്ചിരിക്കും

**കൊച്ചി:** പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തികൾക്ക് ഉപജീവനത്തിനും സംരംഭത്തിനും അവസരം ഒരുക്കുന്ന സ്മൈൽ (SMILEþ Support for Marginalized Individuals For Livelihood and Enterprize ) പദ്ധതിയുടെ പ്രാഥമിക നടപടികൾക്ക് കൊച്ചിയിൽ തുടക്കം കുറിച്ചു.മെട്രോ നഗരത്തിന്റെ രാത്രി കാഴ്ചകളിൽ ഏറ്റവും അസഹനീയമായ ഒന്നാണ് തെരുവിൽ അന്തിയുറങ്ങുന്ന മനുഷ്യരുടേത്.മെട്രോ തൂണുകൾക്ക് താഴെയും കടത്തിണ്ണകളിലുമായി സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടെ മുന്നൂറോളം പേർ നഗരത്തിൽ ഉണ്ടെന്നാണ് ഏകദേശ കണക്ക്. കൃത്യമായ തിരിച്ചറിയൽ രേഖകളോ വിലാസമോ ഇല്ലാത്ത ഇവർ ഉയർത്തുന്ന സുരക്ഷ പ്രശ്നങ്ങളും നിരവധിയാണ്.

അസംഘടിത തൊഴിലുകളിൽ ഏർപ്പെടുന്നവർ, ഭിക്ഷ യാചിക്കുന്നവർ, മാനസിക ശാരീരിക വൈകല്യം ഉള്ളവർ, ലഹരിക്ക് അടിമപ്പെട്ടവർ, നാടോടി കച്ചവടക്കാർ എന്നിങ്ങനെ വിവിധ തരത്തിൽ ഉള്ളവരാണ് നഗരത്തിൽ ഉള്ളത്. പൊതു ശൗചാലയങ്ങൾ വർധിച്ചതും സന്നദ്ധ സംഘടനകളുടെ ഭക്ഷണവിതരണവും നടക്കുന്നതിനാൽ പലരും തെരുവ് ജീവിതം തുടരുന്ന അവസ്ഥയാണ്.ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ കോർപ്പറേഷൻ മേയർ, സിറ്റി പോലിസ് കമ്മീഷണർ, ജില്ലാ സാമൂഹിക നീതി ഓഫിസർ, ജില്ലാ വികസന കമ്മീഷണർ, കേന്ദ്ര സർക്കാരിന്റെ സ്മൈൽ പദ്ധതിയുടെ നിർവഹണ എജൻസിയായ പീസ് വാലി ഫൌണ്ടേഷൻ എന്നിവരടങ്ങുന്ന കൂട്ടായ്മ ഈ വിഷയത്തിന്റെ ശാശ്വത പരിഹാരം ലക്ഷ്യമിട്ട് നഗരത്തിൽ രാത്രികാല ഷെൽട്ടർ സ്ഥാപിച്ച് തെരുവിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്.ഇതിന്റെ ഭാഗമായി തെരുവിൽ കഴിയുന്നവരുടെ കൃത്യമായ വിവരശേഖരണം ആരംഭിച്ചു. ഇടപ്പള്ളി മുതൽ വൈറ്റില വരെ പന്ത്രണ്ട് ഇടങ്ങളിലായി 36 പേരുടെ സർവേ ടീം ആണ് പ്രഥമിക വിവരശേഖരണം പൂർത്തിയാക്കിയത്. ഇത്തരത്തിൽ കഴിയുന്ന 109 ആളുകളെ സർവേയിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.നഗരപ്രദേശങ്ങളിൽ യാചക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സമഗ്ര പുനരധിവാസമാണ് പദ്ധതി ലക്ഷ്യമിടുക്കുന്നത്. സർവ്വേ, തിരിച്ചറിയൽ, മൊബിലൈസേഷൻ, റെസ്ക്യൂ ഷെൽട്ടർ, സമഗ്ര പുനരധിവാസം എന്നിങ്ങനെയാണ് പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ. സർവ്വേ നടപടികളുടെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ് നിർവഹിച്ചു. എം ജി യൂണിവേഴ്സിറ്റി, കോഴിക്കോട് സാഫി, തൃക്കാക്കര കെ എം എം, പെരുമ്പാവൂർ ജയ്ഭാരത്, കോതമംഗലം മാർ ഏലിയാസ് എന്നീ കോളജുകളിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ സർവേയിൽ പങ്കെടുത്തു.

സർവേയിലൂടെ കണ്ടെത്തുന്ന ആളുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കൗൺസിലിംഗ്, വിദ്യാഭ്യാസ നൈപുണ്യ വികസനം, തൊഴിൽ പരിശീലനം, ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തൽ തുടങ്ങിയ പ്രക്രിയകൾ ജന പ്രതിനിധികളുമായി കൂടിയാലോചിച്ചു നടപ്പിലാക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ വി ജെ ബിനോയ്, പീസ് വാലി ഫൗണ്ടേഷൻ കോ ഓഡിനേറ്റർ സാബിത് ഉമ്മർ എന്നിവർ സർവ്വേക്ക് നേതൃത്വം നൽകി.



## കിഴക്കൻ ലഡാക്കിൽ ഇന്ത്യ ചൈന സൈനിക പിന്മാറ്റം പൂർത്തിയായി; നടപടി സ്വാഗതം ചെയ്ത് യുഎസ്

**ന്യൂഡൽഹി:** കിഴക്കൻ ലഡാക്കിലെ ഡെപ്സാങ്, ഡെംചോക് മേഖലകളിൽ നിന്ന് ഇന്ത്യയുടെയും ചൈനയുടെയും സൈനിക പിൻമാറ്റ നടപടി പൂർത്തിയായി. മേഖലയിൽ പട്രോളിങ് വൈകാതെ ആരംഭിക്കും. നിയന്ത്രണ രേഖയിൽനിന്ന് പിൻവാങ്ങുന്നതിൽ ധാരണയായതായി കഴിഞ്ഞ ആഴ്ചയാണ് ഇന്ത്യ പ്രഖ്യാപിച്ചത്. തുടർന്ന് ചൈന ഇക്കാര്യം സ്ഥിരീകരിച്ചു. പട്രോളിങ് 2020 ഏപ്രിലിന് മുൻപുള്ള നിലയിലായിരിക്കും പുനഃരാരംഭിക്കുക. 2020 ജൂണിൽ ഗാൽവാൻ സംഘർഷത്തെ തുടർന്നാണ് നിയന്ത്രണ രേഖയിൽ ഇരു രാജ്യങ്ങളും സന്നാഹങ്ങൾ വർധിപ്പിച്ചത്.

അതേസമയം, അതിർത്തി മേഖലകളിൽ സൈനിക പിന്മാറ്റം നടപ്പാക്കാനുള്ള ഇന്ത്യചൈന തീരുമാനത്തെ സ്വാഗതം ചെയ്ത് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് രംഗത്തെത്തി. യുഎസ് സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും, വിഷയത്തിൽ ഇന്ത്യയുമായി ചർച്ചകൾ നടത്തിയെന്നും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് മാത്യു മില്ലർ പറഞ്ഞു.

ഡെപ്സാങ്, ഡെംചോക് മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളടക്കമുള്ളവ ഇരുപക്ഷത്ത് നിന്നുമുള്ള സൈനികർ നീക്കം ചെയ്തിട്ടുണ്ട്. ഇരുവിഭാഗവും പരസ്പരം ഇതു പരിശോധിച്ചു വരികയാണ്. 2020ൽ ചൈനീസ് പക്ഷത്ത് നിന്ന് ആക്രമണം ഉണ്ടാകുന്നതിനു മുൻപുള്ള സ്ഥിതി പുന:സ്ഥാപിക്കുകയാണ് ലക്ഷ്യം. കരാറിന് അനുസൃതമായി ഇന്ത്യയും ചൈനയും മുന്നോട്ട് പോവുകയാണെന്ന് ചൈനീസ് വിദേശകാര്യമന്ത്രാലയവും പ്രസ്താവന പുറത്തിറക്കിയിട്ടുണ്ട്. വളരെ വേഗത്തിൽ തന്നെ ഈ പ്രക്രിയ മുന്നോട്ട് പോകുന്നതായി ചൈനീസ് വിദേശകാര്യ വക്താവ് ലിൻ ജിയാൻ പറഞ്ഞു

## കേരള സ്കൂൾ കായികമേള: ഔദ്യോഗിക തുടക്കം നവംബർ 4ന് തന്നെ

### കുട്ടികൾക്ക് ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെടാൻ പാടില്ല

**കൊച്ചി:** സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഷൂട്ടിങ്,ചെസ്സ് മത്സരങ്ങൾ നേരത്തെ നടത്തിയത് വിജയികൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനാണെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. കേരള സ്കൂൾ കായികമേള കൊച്ചി '24 ന്റെ ഔദ്യോഗിക തുടക്കം നവംബർ 4ന് തന്നെയെന്നും മന്ത്രി വ്യക്തമാക്കി. മികവ് പ്രകടിപ്പിക്കുന്ന വിദ്യാർഥികൾക്ക് ദേശീയ,അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ഉറപ്പാക്കുന്ന രീതിയിലാണ് സംസ്ഥാനതല മത്സരങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്നത്. കായിക മേഖലയിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് യാതൊരു കാരണവശാലും അവരുടെ ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെടാൻ പാടില്ല. 32 )മത് ജിവി മാവിലങ്കർ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് ദേശീയ മത്സരം നവംബർ 3 മുതൽ 9 വരെയും 49 )മത് സബ്ജൂനിയർ ചെസ് നാഷണൽ ഓപ്പൺ ചാമ്പ്യൻഷിപ്പും 40)മത് സബ്ജൂനിയർ ഗേൾസ് ചാമ്പ്യൻഷിപ്പും നവംബർ 3 മുതൽ 11 വരെയും നടക്കുകയാണ്. ഈ മത്സരങ്ങളിൽ നമ്മുടെ കുട്ടികൾക്ക് പങ്കെടുക്കേണ്ടതുണ്ട്. സ്കൂൾ കായിക മേള ഷെഡ്യൂൾ സെപ്റ്റംബർ മാസത്തിലാണ് തയ്യാറാക്കിയത്. ദേശീയ മത്സരങ്ങൾ പ്രഖ്യാപിക്കുമ്പോൾ അതിനനുസരിച്ച് സംസ്ഥാന കായിക മേള ഷെഡ്യൂളിൽ മാറ്റം വരുന്നത് സ്വാഭാവികമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.




# നീലേശ്വരം വെടിക്കെട്ടപകടം: പരുക്കേറ്റവർക്ക് സൗജന്യ ചികിത്സ നൽകുമെന്ന് കണ്ണൂർ കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

**നീലേശ്വരം:** അഞ്ഞൂറ്റമ്പലം വീരർക്കാവ് ക്ഷേത്ര കളിയാട്ടത്തിനിടെ പടക്കശേഖരത്തിന് തീപിടിച്ചുണ്ടായ അപകടത്തിനിരയായവർക്ക് സാന്ത്വന സ്പർശവുമായി കണ്ണൂർ കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് രംഗത്ത്. അപകടത്തിൽ പരുക്കേറ്റവർക്ക് ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകുമെന്ന് കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേരള ക്ലസ്റ്റർ സിഇഒ ആൻഡ് ഡയറക്ടർ ഫർഹാൻ യാസീൻ അറിയിച്ചു.

നിരവധി പേർക്ക് പൊള്ളലേറ്റ ഈ ദുരന്തത്തിൽ പരുക്കേറ്റവർക്ക് സഹായകമായി ആശുപത്രിയുടെ എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്മോഹൻ ഉണ്ണിത്താൻ എംപി, എംഎൽഎമാരായ ഇ ചന്ദ്രശേഖരൻ, എം രാജഗോപാലൻ, എൻ എ നെല്ലിക്കുന്ന്, ജില്ലാ മെഡിക്കൽ ഓഫീസർ, ഡിവൈഎസ്പി എന്നിവരുമായി ഫർഹാൻ യാസീൻ ഇതു സംബന്ധിച്ച വിവരം പങ്കുവച്ചു.ഗുരുതരമായി പരുക്കേറ്റവർക്ക് അടിയന്തര ചികിത്സ, പൊള്ളലേറ്റവർക്ക് സ്പെഷ്യൽ കെയർ എന്നിവ ഉൾപ്പെടെ ആശുപത്രിയിൽ സൗജന്യമായി ലഭ്യമാക്കും. ഐസിയു സൗകര്യം, വൈദ്യസഹായങ്ങൾ തുടങ്ങി ഓരോ രോഗിക്കും ആവശ്യമായ കൃത്യമായ സേവനം ഉറപ്പാക്കുമെന്ന് ഫർഹാൻ യാസീൻ അറിയിച്ചു. പരുക്കേറ്റവരുടെ വേദനയും ചിലവുകളും കുറക്കാനും ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയുമാണ് കിംസ് ശ്രീചന്ദ് ആശുപത്രി മുന്നോട്ട് വന്നിരിക്കുന്നത്.രക്ഷാപ്രവർത്തനങ്ങൾക്കും, ചികിത്സയ്ക്കും കിംസ് ശ്രീചന്ദ് ആശുപത്രിയുടെ ഈ സഹായം ദുരിതബാധിതർക്ക് വലിയ ആശ്വാസമാകും. ഇരയായവർക്ക് +91 70257 67676 എന്ന നമ്പറിൽ ഫർഹാൻ യാസീനുമായി ബന്ധപ്പെടാവുന്നതാണ്. നേരത്തെയും മനുഷ്യത്വപരമായ ഇടപെടലുകളിലൂടെ കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് സമൂഹത്തിന് മുന്നിൽ മാതൃകയായിട്ടുണ്ട്.

# സഭാശുശ്രൂഷകളിൽ അൽമായർ സജീവ പങ്കാളികളാകണം



**കാക്കനാട്:** സഭാശുശ്രൂഷകളിൽ അൽമായരും അല്മായ പ്രസ്ഥാനങ്ങളും സജീവ പങ്കാളികളാകണമെന്ന് സീറോമലബാർസഭ സിനഡൽ കമ്മീഷൻ ചെയർമാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പറഞ്ഞു.സീറോമലബാർസഭയുടെ പുനഃസംഘടിപ്പിക്കപ്പെട്ട കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള സിനഡൽ കമ്മീഷന്റെ പ്രഥമ സമ്മേളനം മൂവാറ്റുപുഴ നെസ്റ്റ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൈവജനത്തിന്റെ ക്ഷേമത്തിനും കൂട്ടായ്മയ്ക്കും വേണ്ടി അൽമായ പ്രസ്ഥാനങ്ങൾ നിലകൊള്ളണമെന്നും അദ്ദേഹം പറഞ്ഞു.പൊതുസമൂഹത്തിൽ ജീവനും ജീവിതവും പരിരക്ഷിക്കപ്പെടണമെന്നും മനുഷ്യജീവനെതിരായി വിവിധ മേഖലകളിൽ വെല്ലുവിളികൾ ഉയരുമ്പോൾ അതിനെതിരേ തീക്ഷ്ണതയോടെ പ്രതികരിക്കാനും കർമ്മപദ്ധതികൾ ആവിഷ്കരിക്കാനും മനുഷ്യമനഃസാക്ഷിയെ ഉണർത്താനും അല്മായ പ്രസ്ഥാനങ്ങൾക്കും നേതാക്കൾക്കും കഴിയണമെന്നും മുഖ്യ പ്രഭാഷണം നടത്തിയ കമ്മീഷൻ എപ്പിസ്കോപ്പൽ അംഗം മാർ പീറ്റർ കൊച്ചുപുരയ്ക്കൽ അഭിപ്രായപ്പെട്ടു.

സി.ബി.സി.ഐ ലൈയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ ആമുഖ പ്രഭാഷണം നടത്തി

# സാബർമതി സംസ്ഥാനതല അവാർഡുകൾ പ്രഖ്യാപിച്ചു

## ചലച്ചിത്ര കലാ മിത്ര പുരസ്കാരം മോളി കണ്ണമാലി, മാധ്യമ മിത്ര പുരസ്കാരം പി. ആർ. സുമേരൻ, കാരുണ്യ മിത്ര പുരസ്കാരം ബ്രദർ ആൽബിൻ





**ആലപ്പുഴ:**സാബർമതി 2023-24 ചലച്ചിത്ര കലാ മിത്ര പുരസ്കാരത്തിന് മോളി കണ്ണമാലിയേയും മാധ്യമ മിത്ര പുരസ്കാരത്തിന് പി. ആർ. സുമേരനേയും കാരുണ്യ മിത്ര പുരസ്കാരത്തിന് ബ്രദർ ആൽബിനേയും തെരഞ്ഞെടുത്തു.പുരസ്കാര വിതരണം നവംബർ ഒന്നി ന് ഉച്ചയ്ക്ക് 1.30ന് ആലപ്പുഴ പ്രസ്സ് ക്ലബ് ഹാളിൽ നടക്കും. ചടങ്ങിൽ സാബർമതി ചാരിറ്റബിൾ സൊസൈറ്റി സംസ്ഥാന ചെയർമാനും രാഷ്ട്രപതി അവാർഡ് ജേതാവുമായ രാജു പള്ളിപ്പറമ്പിൽ അധ്യക്ഷത വഹിക്കും. ആലപ്പുഴ ജില്ലാ സിവിൽ ജഡ്ജും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുമായ പ്രമോദ് മുരളി ഉദ്ഘാടനം ചെയ്യും. നടനും എഴുത്തുകാ രനും നിർമ്മാതാവും സംവിധായകനും ലോക റെക്കോർഡ് ജേതാവുമായ ജോയി കെ. മാത്യു മുഖ്യാതിഥിയായിരിക്കും. നടനും നിർമ്മാതാവും ദേശീയ അവാർഡ് ജേതാവുമായ റ്റോം സ്കോട് അവാർഡ് വിതരണം ചെയ്യും. ചടങ്ങിൽ ജില്ലാ ലീഗൽ എയ്ഡ് ഡിഫൻസ് കൗൺസിൽ ചീഫ് അഡ്വ. പി.പി. ബൈജു, ആലപ്പുഴ പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് റോയി കൊട്ടാരച്ചിറ, സാബർമതി സാംസ്കാരികവേദി സംസ്ഥാന പ്രസിഡന്റ് ജോസഫ് മാരാരിക്കുളം, സാബർമതി സാംസ്കാരികവേദി ജനറൽ സെക്രട്ടറി ടോം ജോസഫ് ചമ്പക്കുളം, സാബർമതി ജനറൽ സെക്രട്ടറി ഗ്രേയ്സി സ്റ്റീഫൻ, സാബർമതി ട്രഷറർ എം.ഇ. ഉത്തമക്കുറുപ്പ് തുടങ്ങി കലാസാമൂഹ്യ സാംസ്കാരിക മേഖലകളിലെ പ്രമുഖർ പങ്കെടുക്കുമെന്ന് ഭാരവാഹികൾ പ്രസ്സ് ക്ലബിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.2003 മുതൽ ചാരിറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് സാബർമതി ചാരിറ്റബിൾ സൊസൈറ്റി. അംഗപരിമിതരായവർക്കുവേണ്ടിയുള്ള സഹായ ഉപകരണങ്ങളായ വീൽചെയർ, വാക്കർ, സൈക്കിൾ, വാക്കിങ് സ്റ്റിക്ക് തുടങ്ങിയവയും വീടുകളിൽപോയുള്ള രോഗീപരിചരണവും അവർക്കുവേണ്ടിയുള്ള ചികിത്സാസഹായവും മറ്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും നടത്തിവരുന്നതായും ഭാരവാഹികൾ അറിയിച്ചു.

# ശരിയായ സാങ്കേതിക വിദ്യയിലൂടെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാവും




**കൊച്ചി:** ശരിയായ സാങ്കേതികവിദ്യ ശരിയായ വ്യക്തികൾക്ക് ലഭ്യമാക്കിയാൽ അത്ഭുതകരമായ മാറ്റങ്ങൾ കാണാനാവുമെന്ന് ഐഐടി മദ്രാസ് റിസർച്ച് പാർക്ക് ആന്റ് എൻസിഎച്ച്ടിയും ആർ2ഡി2സി ഒ ഒയുമായ ജസ്റ്റിൻ ജേസുദാസ് പറഞ്ഞു. ടൈ കേരളയുടെ ടൈകോൺ കേരള 2024മായി ബന്ധപ്പെട്ട ചർച്ചയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു

അദ്ദേഹം. അസിസ്റ്റഡ് ലിവിംഗ് ആന്റ് അസിസ്റ്റിവ് ടെക്നോളജിയുടെ ഭാവി രൂപപ്പെടുത്തലും കാഴ്ചപ്പാടും സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിലായിരുന്നു മുഖ്യപ്രഭാഷണം.രാജ്യത്തെ ജനസംഖ്യയിൽ ഏഴു മുതൽ പത്ത് ശതമാനം വരെ ശാരീരികമായ വൈകല്യമുള്ളവരാണെന്നാണ് കണക്ക്.

ഇത്തരം ആളുകളെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താത്തതിനാൽ പ്രതിവർഷം രാജ്യത്തിന് പത്ത് ശതമാനത്തോളം ആഭ്യന്തര ഉത്പാദന വളർച്ചയാണ് നഷ്ടമാകുന്നത്.കണ്ണട, മൊബൈൽ ഫോൺ തുടങ്ങിയവ ഉൾപ്പെടെ ഉപയോഗിക്കുന്നതുപോലെ വീൽ ചെയർ ഉപയോഗത്തെയും കാണാനാവണം. ശാരീരിക വൈകല്യമുള്ളവർക്കു കൂടി പെരുമാറാൻ സൗകര്യപ്രദമായ രീതിയിൽ പൊതു ഇടങ്ങൾ രൂപപ്പെടുത്തിയാൽ സമൂഹത്തിന്റെ കാഴ്ചപ്പാടിലും മാറ്റം വരുമെന്ന് അദ്ദേഹം പറഞ്ഞു.കൊച്ചി അവന്യൂ റീജന്റിൽ നടന്ന പരിപാടിയിൽ ജേക്കബ് ജോയ് അധ്യക്ഷത വഹിച്ചു.

അസിസ്റ്റഡ് ലിവിംഗ് കമ്യൂണിറ്റികളെ പിന്തുണക്കുന്നതിനുള്ള നൂതന മാതൃകകൾ എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ ഇൻക്ലൂസിസ് സഹസ്ഥാപകനും ചീഫ് ഡിജിറ്റൽ അഡ്വൈസറുമായ റോബിൻ ടോമി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സി ചന്ദ്രബാബു, ഫൗണ്ടേഷൻ ഫോർ ഇന്റർനാഷണൽ റിഹാബിലിറ്റേഷൻ റിസർച്ച് ആന്റ് എൻപവർമെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സിന്ധു വിജയകുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ആന്റ് യംഗ് പാർട്ണർ രാജേഷ് നായർ മോഡറേറ്ററായിരുന്നു. വിവേക് കൃഷ്ണ ഗോവിന്ദ്, ടോം ജോർജ് എന്നിവർ സംസാരിച്ചു. ഡിസംബർ 4, 5 തിയ്യതികളിൽ ഗ്രാന്റ് ഹയാത്തിലാണ് ടൈകോൺ കേരള 2024.

# വേമ്പനാട് കായൽ സംരക്ഷിക്കാൻ ജൈവവൈവിധ്യ പരിപാലന സമിതികളും സിഎസ്ആർ ഫണ്ടും ഉപയോഗപ്പെടുത്തണം: ശിൽപശാല

**ആലപ്പുഴ:** വേമ്പനാട് കായൽ നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങളിലെ ആശങ്കകളും പരിഹാരനിർദേശങ്ങളിലെ പ്രതീക്ഷകളും പങ്കുവെച്ച് ശിൽപശാല. വേമ്പനാട് കായൽ പുരുജ്ജീവനവും സംരക്ഷണവും എന്ന വിഷയത്തിൽ ആലപ്പുഴ കയർ ക്രാഫ്റ്റ് കൺവൻഷൻ സെന്ററിൽ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച ഏകദിന ശിൽപശാലയിലാണ് വേമ്പനാടിനെക്കുറിച്ചുള്ള വിദഗ്ധരുടെയും പ്രദേശവാസികളുടെയും ഉത്കണ്ഠങ്ങളും പ്രതീക്ഷകളും നിറഞ്ഞത്.

രാവിലെ 9.30 ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്ത ശിൽപശാലയിൽ വേമ്പനാട് കായലുമായി ബന്ധപ്പെട്ട കൃഷി, മത്സ്യബന്ധനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, കാലാവസ്ഥാ വ്യതിയാനം, വിനോദസഞ്ചാരം തുടങ്ങിയ വിവിധ വിഷയമേഖലകളിൽ വിഷയാവതരണം നടന്നു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻ ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ വി ബാലകൃഷ്ണൻ, എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസ് അസോസിയേറ്റ് പ്രൊഫസർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, കുമരകം കെ വി കെയിലെ പ്രൊഫസറും മേധാവിയുമായ ഡോ. ജി. ജയലക്ഷ്മി എന്നിവർ പ്രസീഡിയം നയിച്ചു.

മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും വേലിയേറ്റവും മൂലമുണ്ടാകുന്നവെള്ളപ്പൊക്കവും അതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും കുടിവെള്ള പ്രശ്നങ്ങളും, മത്സ്യലഭ്യതകുറയുന്നത് ജീവനോപാധിയെ ബാധിക്കുന്നതുമാണ് ആലപ്പുഴ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്ന് മുൻ ധനകാര്യ മന്ത്രി ടി.എം. തോമസ് ഐസക്ക് ചൂണ്ടിക്കാണിച്ചു.ഓൺലൈനായി ചർച്ചയിൽ പങ്കെടുത്ത അദ്ദേഹം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ രൂപീകരിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ വകുപ്പുകളുടെ സഹായത്തോടെ അവ നടപ്പിലാക്കുകയുമാണ് വേണ്ടതെന്നുംകൂട്ടിച്ചേർത്തു.

സുസ്ഥിര വികസനമാണ് നമുക്ക് ആവശ്യമെന്നും അത് മാത്രമാണ് സ്ഥായിയായി നിലനിൽക്കുന്നതെന്നും ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. ഉമ്മൻ വി. ഉമ്മൻ അഭിപ്രായപ്പെട്ടു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപെഴ്സണായും എറണാകുളം, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ കോ ചെയർപെഴ്സൺമാരായും മേഖലയിലെ പഞ്ചായത്ത് പ്രസിഡന്റുമാരെ അംഗങ്ങളാക്കിയും വിപുലമായ സംയുക്ത ജൈവ വൈവിധ്യ പരിപാലന സമിതി രൂപീകരിക്കാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. റാംസർ സൈറ്റായതിനാൽ വേമ്പനാട് കായലിനെ സംരക്ഷിക്കേണ്ട നിയമപരമായ ബാധ്യതയുണ്ടെന്നും വേമ്പനാട് കായൽ ഇല്ലെങ്കിൽ മധ്യകേരളമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വേമ്പനാട് കായലിലെ എക്കൽ കാർബൺ ഖനിയാണെന്നും ഇത് ഫലപ്രദമായി ഉപയോഗിക്കാനാവണമെന്നും കൃഷിയും കാലാവസ്ഥാ വ്യതിയാനവും എന്ന വിഷയം അവതരിപ്പിച്ച് അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കെ ജി പദ്മകുമാർ പറഞ്ഞു. കായലിന്റെ വശങ്ങളിൽ കണ്ടൽ വെച്ചു പിടിപ്പിച്ച് ബ്ലൂ കാർബൺ എക്കോ സിസ്റ്റം ഉണ്ടാക്കണം. ഇതിനായി സിഎസ്ആർ ഫണ്ട് ഉപയോഗപ്പെടുത്തണം. ഈ ജൈവ സംരക്ഷണ കവചം കാർബൺ ട്രേഡിങ്ങിന് ഉപയോഗപ്പെടുത്താനാവുമെന്നും അദ്ദേഹം പറഞ്ഞു.

കെടിഐഎൽ മാനേജിംഗ് ഡയറക്ടറായ മനോജ് കുമാർ കിനി ടൂറിസവുമായി ബന്ധപ്പെട്ട കുട്ടനാടിന്റെ സാധ്യതകളെപ്പറ്റി സൂചിപ്പിച്ചു. ടൂറിസം ഭൂപടത്തിൽ വേമ്പനാടിന്റെ അനന്ത സാധ്യതകൾ കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിക്കണം. ആളുകളുടെ മനോഭാവത്തിലാണ് മാറ്റം വരേണ്ടതെന്നും ജനങ്ങൾ വികസനത്തിൽ പങ്കാളികളാകണമെന്നും അദ്ദേഹം സൂചിപ്പിച്ചു. കേരളത്തിന് ശ്രീലങ്ക പോലുള്ള മറ്റ് രാജ്യങ്ങളുമായി മത്സരിക്കേണ്ടിവരുന്നു. അന്താരാഷ്ട്രതലത്തിലുള്ള ടൂറിസ്റ്റ് സ്പോട്ടായി മാറണമെങ്കിൽ അത് നേടുന്നതിനായുള്ള പരിശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വേമ്പനാട് കായലിന്റെ വിസ്തൃതിയും ആഴവും ജലസംഭരണ ശേഷിയും കുറഞ്ഞതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുവെന്ന് കുഫോസ് സിഎആർഎംസി

പ്രൊഫസറും ചെയർമാനുമായ ഡോ. എം. സഞ്ജീവൻ അഭിപ്രായപ്പെട്ടു. ഈ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ആഴത്തിലുള്ള പഠനങ്ങൾ നടത്തണമെന്നും മിന്നൽ പ്രളയം പോലുള്ള അവസ്ഥകൾ മറികടക്കുന്നതിനായി വേമ്പനാട് കായലിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും സമുദ്രനിരപ്പിലെ വർധനവും അശാസ്ത്രീയമായ പുലിമുട്ട് നിർമ്മാണവും ഗുരുതര വിഷയങ്ങളാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മാലിന്യ സൂചകങ്ങളിൽ വേമ്പനാട് കായലിലെ ജലം വളരെ പരിതാപകരമായ അവസ്ഥയിലാണെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ ശ്രീകല എസ് സൂചിപ്പിച്ചു. മലിനീകരണ സ്രോതസ്സുകളെപ്പറ്റിയും ഹൗസ് ബോട്ടുകളുടെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചും കൃത്യമായ വിശദാംശങ്ങൾ ലഭ്യമല്ലായെന്നും അവർ അഭിപ്രായപ്പെട്ടു.

# ഐ.എച്ച്.ആർ.ഡി കോഴ്സുകളുടെ പരീക്ഷഫലം പ്രസിദ്ധീകരിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. 2024 സെപ്റ്റംബർ മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) / ഒന്നും രണ്ടും സെമസ്റ്റർ ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ) / ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതത് പരീക്ഷാ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ടാൽ അറിയാം. ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിലും (ംംം.ശവൃറ.മര.ശി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ നവംബർ 12 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ പിഴ കൂടാതെയും നവംബർ 15 വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം. ഫെബ്രുവരി 2025ലെ സപ്ലിമെന്ററി പരീക്ഷയ്ക്കായുള്ള പ്രത്യേകാനുമതി (special sanction) ആവശ്യമുള്ളവർ അപേക്ഷകൾ നവംബർ ഏഴിനു മുമ്പായും 200 രൂപ ലേറ്റ് ഫീയോടുകൂടി നവംബർ 11 വരെയും അതാത് സ്ഥാപനമേധാവികൾ മുഖേന സമർപ്പിക്കണം.. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് ബോർഡിന്റെ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി പ്രകാരം 202425 അധ്യയനവർഷം വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 2024 25 അധ്യയന വർഷത്തിൽ 8, 9, 10/ പ്ലസ് വൺ/ ബി.എ/ ബി.കോം/ ബി.എസ്സി/ എം.എ/ എം.കോം/ (പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല) എം.എസ്.ഡബ്ലിയു/ എം.എസ്സി/ ബി.എഡ്/ പ്രൊഫഷണൽ കോഴ്സുകളായ എൻജിനിയറിങ്/ എം.ബി.ബി.എസ്/ ബി.ഡി.എസ്/ ഫാം.ഡി/ ബി.എസ്സി നഴ്സിങ്/ പ്രൊഫഷണൽ പി.ജി കോഴ്സുകൾ/ പോളിടെക്നിക് ഡിപ്ലോമ/ റ്റി.റ്റി.സി/ ബി.ബി.എ/ ഡിപ്ലോമ ഇൻ നഴ്സിങ്/ പാരാ മെഡിക്കൽ കോഴ്സ്/ എം.സി.എ/ എം.ബി.എ/ പി.ജി.ഡി.സി.എ/ എൻജിനിയറിങ് (ലാറ്ററൽ എൻട്രി) അഗ്രിക്കൾച്ചറൽ/ വെറ്ററിനറി/ ഹോമിയോ/ ബി.ഫാം/ ആയുർവേദം/ എൽ.എൽ.ബി (3 വർഷം, 5 വർഷം) ബി.ബി.എം/ ഫിഷറീസ്/ ബി.സി.എ/ ബി.എൽ.ഐ.എസ്.സി/ എച്ച്.ഡി.സി ആൻഡ് ബി.എം/ ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ്/ സി.എ. ഇന്റർമീഡിയറ്റ്/ മെഡിക്കൽ എൻജിനിയറിങ് എൻട്രൻസ് കോച്ചിങ്ങ്, സിവിൽ സർവ്വീസ് കോച്ചിങ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനും എസ്.എസ്.എൽ.സി ക്യാഷ് അവാർഡിനും ഓൺലൈനായി അപേക്ഷിക്കാം. മുൻ അധ്യയന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യം പുതുക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം വിദ്യാർഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരി നൽകുന്ന സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ നവംബർ 25 ന് മുമ്പ് ംംം.ഹമയീൗൃംലഹളമൃലളൗി റ.ശി മുഖേന ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ഓഫ്ലൈൻ അപേക്ഷകൾ സ്വീകരിക്കില്ല.

## വൃക്ഷതൈ നടീൽ

**കൊച്ചി:** അമ്മയുടെ പേരിൽ ഒരു മരം പരിപാടിയുടെ ഭാഗമായി ജില്ലാ ജയിൽ, നെഹ്റു യുവ കേന്ദ്രയുമായി സഹകരിച്ച് ജില്ലാ ജയിൽ അങ്കണത്തിൽ വൃക്ഷതൈ നടീൽ പരിപാടി സംഘടിപ്പിച്ചു. പരിപാടിക്ക് ജില്ലാ ജയിൽ ഡെപ്യൂട്ടി സൂപ്രണ്ട് ആശിഷ് നേതൃത്വം നൽകി. പ്രിസൺ ഓഫീസർ ഗോപകുമാർ, അസിസ്റ്റന്റ് ജയിലർ സജീഷ്, നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ വിവേക് ശശിധരൻ എന്നിവർ പങ്കെടുത്തു.

## സീറ്റൊഴിവ്

**കൊച്ചി:** എറണാകുളം ഗവ.നഴ്സിംഗ് കോളേജിൽ 202425 വർഷത്തിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സിൽ സ്പെഷ്യാലിറ്റി മെൻറൽ ഹെൽത്ത് നഴ്സിംഗ്, കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് എന്നിവയിൽ ഒഴിവ്. പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾ രേഖകളുമായി ഒക്ടോബർ 30 ന് രാവിലെ 11 ന് അസൽ രേഖകളുമായി ഗവ.നേഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ നേരിട്ട് ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി ജില്ലയിലെ വിവിധ അർധ സർക്കാർ സ്ഥാപനത്തിൽ കരാറടിസ്ഥാനത്തിലുള്ള ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായം 1845. ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 12ന് മുമ്പ് പരിധിയിലുള്ള എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം.

**ഇലക്ട്രീഷ്യൻ**

യോഗ്യത ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/ഇൻസ്ട്രുമെൻറേഷനിൽ ഐ.ടി.ഐ (രണ്ട് വർഷം). ബോട്ട്/ഷിപ്പ്/ഷിപ്പ്യാർഡ്/എച്ച്.ടി ഇലക്ട്രിക്കൽ സിസ്റ്റംസ് എന്നീ മേഖലകളിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.

**ഫിറ്റർ മെക്കാനിക്കൽ**

യോഗ്യത ഐ.ടി.ഐ/ഐ.ടി.സി ഫിറ്റർ/മെക്കാനിക്ക് (റഫ്രിജറേഷൻ ആൻറ് എയർ കണ്ടീഷനിങ് (രണ്ട് വർഷം).

റിപ്പയർ ആന്റ് മെയ്ന്റനൻസ ഓഫ് പമ്പ്, ഡീസൽ ജനറേറ്റർ, കമ്പ്രസർ, മറൈൻ എഞ്ചിനുകൾ/റഫ്രിജറേഷൻ/എയർ കണ്ടീഷനിംഗ് എന്നിവയിൽ കേന്ദ്ര അർധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം

**ഫിറ്റർ എഫ് ആർ പി**

യോഗ്യത ഐ.ടി.ഐ/ഐ.ടി.സി (രണ്ട് വർഷം)കേന്ദ്ര അർധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും എഫ് ആർ പി മേഖലയിലെ പ്രവൃത്തിപരിചയം.

**അസിസ്റ്റന്റ് ബോട്ട് മാസ്റ്റർ**

യോഗ്യത എസ്.എസ്.എൽ.സി, പ്ലസ് ടു വിത്ത് ഐ.ടി.ഐ (മെട്രിക്),മാസ്റ്റർ ക്ലാസ് മൂന്ന് സർട്ടിഫിക്കറ്റ് (കഢ റൂൾസ്, 2022) സ്രാങ്ക്, നല്ല കാഴ്ച ശക്തി.

സ്രാങ്ക്/ മാസ്റ്റർ ക്ലാസ് മൂന്ന് മേഖലയിലെ ആറ് വർഷത്തെ പ്രവൃത്തി പരിചയം.

**ബോട്ട് ഓപ്പറേറ്റർ**

യോഗ്യത എസ്.എസ്.എൽ.സി, പ്ലസ് ടു വിത്ത് ഐ.ടി.ഐ (മെട്രിക്), മാസ്റ്റർ ക്ലാസ് രണ്ട് സർട്ടിഫിക്കറ്റ് (കഢ റൂൾസ്, 2022) സ്രാങ്ക്. നല്ല കാഴ്ച ശക്തി.

സ്രാങ്ക്/ മാസ്റ്റർ ക്ലാസ് മൂന്ന് മേഖലയിലെ ആറ് വർഷത്തെ പ്രവൃത്തി പരിചയം.

**ടെർമിനൽ കൺട്രോളർ**

എഞ്ചിനീയറിംഗ് ഡിപ്ലോമ/ബിരുദം (മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഇൻസുമേന്റേഷൻ, കമ്പ്യൂട്ടർ സയൻസ്, ഐ.ടി)

ബോട്ട്/ഷിപ്പ്/ഷിപ്പ്യാർഡ്/എച്ച്.ടി ഇലക്ട്രിക്കൽ സിസ്റ്റംസ് എന്നീ മേഖലകളിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.

## കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാർ നിയന്ത്രണത്തിലുള്ള എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻറ് ടെക്നോളജിയുടെ കളമശേരി മേഖല കേന്ദ്രത്തിൽ നവംബർ 14 ന് ആരംഭിക്കുന്ന കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്കിങ്ങ് (യോഗ്യതപ്ലസ് ടു / ഐടിഐക / ഡിപ്ലോമ / ഡിഗ്രി ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് വിത്ത് ടാലി ആൻന്റ് ജി എസ് ടി (യോഗ്യത കോമേഴ്സ്),ഡാറ്റ എൻട്രി ആൻറ് ഓഫീസ് ഓട്ടോമേഷൻ (യോഗ്യതഎസ് എസ് എൽ സി) എന്നീ കോഴ്സുകൾക്ക് ഓൺലൈനായി www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

ഫോൺ 8921234382, 0484 2541520.

# ഏറ്റുമാനൂർ ജലപദ്ധതിക്ക് തുടക്കം; യാഥാർത്ഥ്യമാകുന്നത് കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പദ്ധതി

**ഏറ്റുമാനൂർ:** നഗരസഭയിലെയും കാണക്കാരി, മാഞ്ഞൂർ, അതിരമ്പുഴ പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമത്തിനു പരിഹാരം കാണാൻ വിഭാവനം ചെയ്ത ഏറ്റുമാനൂർ ജലപദ്ധതിക്ക് തുടക്കമായി. കിഫ്ബി പദ്ധതിയിൽ 93.225 കോടി മുടക്കിയാണ് ജില്ലയിലെ ഏറ്റവും വലിയകുടിവെള്ള പദ്ധതി യാഥാർഥ്യമാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മന്ത്രി വി.എൻ.വാസവന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. 4 പാക്കേജുകളായാണ് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടത്. ഇതിൽ 35 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം പദ്ധതി തടസ്സപ്പെട്ടു. തുടർന്ന് മന്ത്രി വി.എൻ.വാസവൻ ഇടപെട്ടതോടെയാണ് പദ്ധതിക്കു വീണ്ടും ജീവൻ വച്ചത്. നാലു പാക്കേജുകൾ ഒറ്റ പാക്കേജാക്കി 73.8 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി.

നവംബർ ആദ്യപകുതിയിൽ തന്നെ നിർമാണോദ്ഘാടനം നടത്തുമെന്നും ഭാവിയിൽ ഈ പദ്ധതി വിപുലീകരിച്ച് ആർപ്പൂക്കര, അയ്മനം മേഖലകളിലേക്കു കൂടി കുടിവെള്ള മെത്തിക്കുമെന്നും മന്ത്രി വാസവൻ പറഞ്ഞു. നഗരസഭാ പ്രതിപക്ഷ നേതാവ് ഇ.എസ്.ബിജു ചെയർമാനായും ജല അതോറിറ്റി എഇ ദിലീപ് ഗോപാൽ കൺവീനറുമായുള്ള സംഘാടക സമിതിയാണ് രൂപീകരിച്ചത്.

യോഗത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യ രാജൻ, വൈസ് പ്രസിഡന്റ് എ.എം.ബിന്നു, നഗരസഭാധ്യക്ഷ ലൗലി ജോർജ് പടികര, കാണക്കാരി പഞ്ചായത്ത് പ്രസിഡന്റ് അംബിക സുകുമാരൻ, മറ്റു ജനപ്രതിനിധികൾ, ജല അതോറിറ്റി സൂപ്രണ്ടിങ് എൻജിനീയർ രതീഷ് കുമാർ, അസിസ്റ്റന്റ് എൻജിനീയർ സൂര്യ ശശിധരൻ, മറ്റ് ഉദ്യോഗസ്ഥർ, ആസൂത്രണ വികസന സമിതി ഉപാധ്യക്ഷൻ ബാബു ജോർജ്, കെ.എൻ.വേണുഗോപാൽ, കെ.എൻ.രവി എന്നിവർ പ്രസംഗിച്ചു.

പൂവത്തുംമൂട്ടിലെ ജല അതോറിറ്റിയുടെ കിണർ തന്നെയാണ് പദ്ധതിക്കായി ഉപയോഗിക്കുക. പൂവത്തുംമൂട് പമ്പ് ഹൗസിനു സമീപം പുതിയ കെട്ടിടം നിർമിച്ച് ട്രാൻസ്ഫോമർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കും. നേതാജി നഗറിൽ 22 എംഎൽഡി ശേഷിയുള്ള ജലശുദ്ധീകരണ ശാല, 16 ലക്ഷം ലീറ്റർ ശേഷിയുള്ള ഉന്നത തല സംഭരണി, 20 ലക്ഷം ലീറ്റർ ശേഷിയുള്ള ഭൂതല സംഭരണി എന്നിവ നിർമിക്കും. കച്ചേരിക്കുന്നിൽ 10 ലക്ഷം ലീറ്റർ ശേഷിയുള്ളതും കട്ടച്ചിറയിൽ അരലക്ഷം ലീറ്റർ ശേഷിയുള്ളതുമായ ടാങ്കുകൾ നിർമിക്കും. പ്ലാന്റ് നിർമാണം, പവർ എൻഹാൻസ്മെന്റ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾ, റോഡ് പുനസ്ഥാപിക്കൽ തുടങ്ങിയവയ്ക്കാണ് സർക്കാർ 73.8 കോടി രൂപ അനുവദിച്ചിരിക്കുന്നത്. ടാങ്കുകളിൽ നിന്ന് 43 കിലോമീറ്റർ നീളത്തിലാണ് വിതരണ ശൃംഖല സ്ഥാപിക്കുക.

ഏറ്റുമാനൂർ നഗരസഭയിലും ഇതിനോടു ചേർന്നു കിടക്കുന്ന അതിരമ്പുഴ, കാണക്കാരി പഞ്ചായത്തിലെ സമീപ വാർഡുകളിലും ഗാർഹിക കണക്ഷനിലൂടെ എല്ലാവർക്കും കുടിവെള്ളമെത്തിക്കും. പദ്ധതി യാഥാർഥ്യമാകുന്നതോടെ അയ്മനം, ആർപ്പൂക്കര, നീണ്ടൂർ, അതിരമ്പുഴ എന്നീ പഞ്ചായത്തുകളിൽ കൂടുതൽ കാര്യക്ഷമമായി ശുദ്ധജല വിതരണം നടത്താനാകും.



# ദീപാവലിയെ വരവേൽക്കാൻ കേരളത്തിലെ അതിർത്തി ഗ്രാമങ്ങൾ ഒരുങ്ങി

**മറയൂർ:** ദീപാവലിയെ വരവേൽക്കാൻ കേരളത്തിലെ അതിർത്തി ഗ്രാമങ്ങളും ഒരുങ്ങി. മൺചെരാതുകളിൽ ദീപങ്ങളുടെ നിരയൊരുക്കിയും മധുരപലഹാരങ്ങൾ സമ്മാനിച്ചും പടക്കം പൊട്ടിച്ചും നാടും നഗരവും വ്യാഴാഴ്ച ദീപാവലി ആഘോഷിക്കും.തമിഴ്നാട്ടിലെ പ്രധാന ഉത്സവമായ ദീപാവലിയോടനുബന്ധിച്ച് ഉദുമൽപേട്ട ഉൾപ്പെടെ തമിഴ്നാട്ടിലെ വിവിധ ടൗണുകളിലെ വ്യാപാര സ്ഥാപനങ്ങളിലെല്ലാം തിരക്കോടു തിരക്കാണ്. കഴിഞ്ഞയാഴ്ച മുതൽ തിരക്ക് അനുഭവപ്പെടുന്നതിനാൽ പലയിടത്തും ട്രാഫിക് നിയന്ത്രണവും കർശനമാക്കി. വസ്ത്രവ്യാപാര ശാലകളിലും പടക്ക വിപണിയിലും മധുര പലഹാര കടകളിലുമാണ് വൻ തിരക്ക്. എന്നാൽ, വില കുതിച്ചുയർന്നതോടെ സ്വർണ വ്യാപാരം കുറവാണെന്ന് തമിഴ്നാട്ടിലെ വ്യാപാരികൾ പറയുന്നു. മറ്റെല്ലാ വ്യാപാരമേഖലയിലും ഉണർവ് പ്രകടമാണ്.ദീപങ്ങളുടെ ഉത്സവമായ ദീപാവലിയെ തങ്ങളുടെ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ഉത്സവമാക്കി മാറ്റാനൊരുങ്ങുകയാണ് അതിർത്തി ഗ്രാമങ്ങൾ. ജില്ലയിൽ മറയൂർ, കാന്തല്ലൂർ, മൂന്നാർ തുടങ്ങിയ തമിഴ്നാടിനോട് അതിർത്തി പങ്കിടുന്ന ഗ്രാമങ്ങൾ ദീപാവലി ആഘോഷങ്ങൾക്കായി ഒരുങ്ങിക്കഴിഞ്ഞു.

ദീപാവലി ദിവസം ബന്ധുക്കളോടൊപ്പം ഒത്തൊരുമിച്ച് പടക്കം പൊട്ടിക്കൽ ആഘോഷം പ്രധാനപ്പെട്ടതാണ്. ഓരോ കുടുംബത്തിലും ആയിരക്കണക്കിന് രൂപയുടെ പടക്കങ്ങളാണ് പൊട്ടിച്ച് ആഘോഷം പങ്കിടുന്നത്. അതിനാൽ, ഇത്തവണയും പടക്ക വിപണി നേരത്തെ തന്നെ സജീവമായി. കുറഞ്ഞ വിലയ്ക്കു ലഭ്യമാകുന്ന വർണപ്പൊലിമയുള്ള ഇനങ്ങളാണ് പടക്ക വിപണിയിലെ പ്രധാന ആകർഷണം. അതേസമയം, പടക്കം പൊട്ടിക്കുന്നതിനു നിയന്ത്രണമുള്ളത് വ്യാപാരികളെ ആശങ്കയിലാക്കുന്നുണ്ട്.

# കണ്ണൂർ, തിരുവനന്തപുരം സർവീസ് അവസാനിപ്പിച്ച് എയർ ഇന്ത്യ എക്സ്പ്രസ്

**മട്ടന്നൂർ:** എയർ ഇന്ത്യ എക്സ്പ്രസ് കണ്ണൂർ,തിരുവനന്തപുരം സർവീസ് താൽക്കാലികമായി അവസാനിപ്പിച്ചു. എയർ ഇന്ത്യ എക്സ്പ്രസിന് കണ്ണൂരിൽ നിന്നുള്ള ഏക ആഭ്യന്തര സർവീസായിരുന്നു തിരുവനന്തപുരം സർവീസ്. മുൻപ് ബെംഗളൂരു കൂടി ഉണ്ടായിരുന്നു വിന്റർ ഷെഡ്യൂളിൽ ടിക്കറ്റ് ബുക്കിങ് വെബ്സൈറ്റിൽ നിന്ന് പിൻവലിച്ചു. ഇതോടെ കണ്ണൂരിനും തിരുവനന്തപുരത്തിനും ഇടയിൽ ഇനി നേരിട്ടുള്ള സർവീസ് ഇല്ല. 2023 നവംബറിലാണ് വിന്റർ ഷെ!ഡ്യൂളിൽ ഉൾപ്പെടുത്തി എയർ ഇന്ത്യ എക്സ്പ്രസ് ആഴ്ചയിൽ 2 ദിവസം (ബുധൻ, ശനി) ടിക്കറ്റ് ബുക്കിങ് തുടങ്ങിയത്. പിന്നീട് അത് തിങ്കൾ, ശനി ദിവസങ്ങളിലായി. എയർ ഇന്ത്യ എക്സ്പ്രസിന് പുറമേ ഇൻഡിഗോയും കണ്ണൂരിൽ നിന്ന് തിരുവനന്തപുരം സെക്ടറിൽ സർവീസ് നടത്തുന്നുണ്ട്.



# കണ്ണൂർ വിമാനത്താവള റോഡ് വികസനം: സ്ഥലമെടുപ്പ് വൈകുന്നു

**മട്ടന്നൂർ:** കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള പ്രധാന പാതകളിൽ വികസിപ്പിക്കുന്ന തലശ്ശേരികൊടുവള്ളിമമ്പറംമട്ടന്നൂർ റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ വൈകുന്നു. നടപടി നീണ്ടു പോകുന്നത് സ്ഥലം ഉടമകളെ ദുരിതത്തിലാക്കുന്നു. രണ്ടു വർഷം മുൻപ് മട്ടന്നൂർ വായാന്തോട് പ്രദേശത്ത് സർവേ നടത്തി കുറ്റിയടിക്കൽ പൂർത്തീകരിച്ചിട്ടും റോഡ് നവീകരണം ആരംഭിച്ചില്ല. തലശ്ശേരികൊടുവള്ളി മട്ടന്നൂർ വരെ 24.5 കിലോമീറ്റർ റോഡ് നിർമിക്കാൻ 39.93 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. തലശ്ശേരി, ഇരിട്ടി താലൂക്കുകളിൽപ്പെട്ട 7 വില്ലേജുകളിൽ നിന്നാണ് സ്ഥലമേറ്റെടുക്കേണ്ടത്.

ആകെ 1110 പേരുടെ സ്ഥലം ഏറ്റെടുക്കണം. 749 വീടുകളും 140 കടകളും 2 സ്കൂളുകളും 15 പൊതുസ്ഥാപനങ്ങളും പൂർണമായോ ഭാഗികമായോ പൊളിച്ചുനീക്കേണ്ടതുണ്ട്. 4441 മരങ്ങൾ മുറിച്ചു നീക്കണമെന്നും സാമൂഹികാഘാത പഠനരേഖയിൽ പറഞ്ഞിരുന്നു. തൃക്കാക്കര ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്കാണ് അന്നു റിപ്പോർട്ട് തയാറാക്കിയിരുന്നത്. വിമാനത്താവള കവാടം മുതൽ വായാന്തോട് വരെ റോഡ് നീട്ടുന്നതിന് റോഡരികിലെ സ്ഥലം അളന്നു കുറ്റി സ്ഥാപിച്ചിരുന്നു. റോഡ് വികസനത്തിന് സർക്കാർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചതോടെ സ്ഥലം ഉടമകളാണ് പ്രയാസത്തിലായത്.

സർവേ പൂർത്തീകരിച്ച് കുറ്റിയടിച്ച് 2 വർഷം കഴിഞ്ഞിട്ടും തുടർ നടപടികൾ ഉണ്ടാക്കാത്തതാണ് കുടുംബങ്ങളെ ദുരിതത്തിലാക്കുന്നത്. സ്ഥലം റോഡിന് ഏറ്റെടുക്കുന്നതിനാൽ പുതിയ വീട് നിർമിക്കാനോ നിലവിലുള്ള അറ്റകുറ്റ പ്രവൃത്തികൾ നടത്താനോ സ്ഥലം വിൽക്കാനോ വായ്പയെടുക്കാനോ കഴിയാത്ത അവസ്ഥയാണെന്ന് പറയുന്നു. കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തവർ ഒഴിഞ്ഞു പോകുന്ന അവസ്ഥയാണ്. റോഡ് നവീകരണത്തിന് സ്ഥലം ഏറ്റെടുക്കുന്നുണ്ടെങ്കിൽ എത്രയും വേഗത്തിൽ ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകണമെന്ന് സ്ഥല ഉടമകൾ പറഞ്ഞു.

# വാക്ഇൻ ഇൻറർവ്യൂ

**കൊച്ചി:** ആലുവ ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ മോ!ഡൽ കരിയർ സെൻററിൻറെ ആഭിമുഖ്യത്തിൽ എസ് ബി ഐ അനുബന്ധ സ്ഥാപനമായ എസ് ബി ഐ ലൈഫിൽ പെരുമ്പാവൂർ ശാഖയിലേക്ക് ഇൻറർവ്യൂ നടത്തും. ചൈൽഡ് എഡ്യൂക്കേഷ൯ ഓഫീസർ, ഫിനാൻഷ്യൽ കൺസൾട്ടൻറ് ആൻറ് മാനേജർ, പ്രൊമോട്ടർ എന്നീ തസ്തികകളിലായി 50 ഒഴിവുകൾ. പ്രായപരിധി 30–55.

യോഗ്യത എസ്.എസ്.എൽ.സി യും അതിന് മുകളിലും. ഇൻർവ്യൂ നവംബർ ഒന്നിന് രാവിലെ 10മുതൽ ഉച്ചയ്ക്ക് 12.30 വരെ എസ് ബി ഐ ലൈഫിന്റെ പെരുമ്പാവൂർ ഓഫിസിൽ നടക്കും ഫോൺ; 9656834132

# ആദായകരമായി വളർത്താൻ ചിപ്പിക്കൂൺ



കേരളത്തിലെ കാലാവസ്ഥയിൽ ഏറ്റവും ആദായകരമായി വളർത്താൻ യോജിച്ചതാണ് ചിപ്പിക്കൂൺ. ഇത് വളർത്താൻ വൈക്കോൽ, മരപ്പൊടി എന്നിവ വേണം. അധികം പഴക്കമില്ലാത്ത സ്വർണനിറമുള്ള നല്ല വൈക്കോലാണ് ആവശ്യം. ഇത് ചുരുട്ടിയോ, ചെറുകഷ്ണങ്ങളായിമുറിച്ചോ ഉപയോഗിക്കാം. ഇങ്ങനെ തയ്യാറാക്കിയ വൈക്കോൽ 12 മുതൽ 18 മണിക്കൂർവരെ വെള്ളത്തിൽ മുക്കിവെക്കണം. തുടർന്ന് വെള്ളം വാർത്ത് അല്പം ഉയർന്നസ്ഥലത്തു വെക്കുക. ഏകദേശം രണ്ടുമണിക്കൂർ കഴിഞ്ഞ് ഈ വൈക്കോൽ ഒരു വലിയ പാത്രത്തിൽ അരമുതൽ മുക്കാൽ മണിക്കൂർനേരം തിളപ്പിക്കണം. ആവിയിൽ പുഴുങ്ങി എടുത്താലും മതി. ഇത് വൃത്തിയുള്ള ഒരു സ്ഥലത്തു 78 മണിക്കൂർ നിരത്തിയിടുക. പാകമാക്കിയ വൈക്കോൽ മുറുകെ പിഴിയുമ്പോൾ കൈയിൽ ഈർപ്പം പറ്റാത്ത അവസ്ഥയാണ് പാകമെന്നോർക്കണം.

ബെഡ്ഡുകൾ തയ്യാറാക്കാൻ 30 സെ.മീ വീതിയും 60 സെന്റീ മീറ്റർ നീളവുമുള്ള പോളിത്തീൻ കവറുകൾ (200 ഗേജ് കനം) ഉപയോഗിക്കാം. കവറിന്റെ അടിവശം നന്നായി കെട്ടി, മറ്റേ അറ്റം വിടർത്തിവെച്ച് അതിലൂടെ ആദ്യം ഒരു വയ്ക്കോൽച്ചുരുൾ കൈകൊണ്ട് അമർത്തിവെക്കുക. അതിനുമീതെ വശങ്ങളിൽ മാത്രം കൂൺവിത്ത് വിതറണം. ഇതിനുമീതെ അടുത്ത വയ്ക്കോൽച്ചുരുൾ വെക്കുക. ഇതിന്റെ വശങ്ങളിലും കൂൺവിത്തു വിതറണം. ഇങ്ങനെ മൂന്നോ നാലോ തട്ട് വരെ ഒറ്റ കവറിൽ നിറയ്ക്കാം.

ഏറ്റവുംമുകളിൽ നന്നായി കൂൺ വിത്ത് വിതറിയിട്ട് ഒരു പ്ലാസ്റ്റിക് നൂലുകൊണ്ട് കവർ മുറുക്കിക്കെട്ടണം. അണുവിമുക്തമാക്കിയ ഒരു മൊട്ടുസൂചികൊണ്ട് കവറിന്റെ വശങ്ങളിൽ ചെറുസുഷിരങ്ങൾ ഇട്ടതിനുശേഷം കൂൺതടങ്ങൾ വൃത്തിയുള്ള ഇരുട്ടുമുറിയിൽ തൂക്കിയിടുക.

1215 ദിവസത്തിനുള്ളിൽ കൂൺ തന്തുക്കൾ കവറിനുള്ളിൽ വളർന്നുവ്യാപിക്കും. ഹാൻഡ് സ്പ്രേയർ ഉപയോഗിച്ച് വെള്ളം തളിച്ച് ബെഡ്ഡിൽ നനവ് നിലനിർത്തണം. ഒരു ബ്ലേഡ് കൊണ്ട് തടത്തിൽ ചെറിയ കീറലുകൾ ഉണ്ടാക്കണം. ഇനി തടങ്ങൾ സാമാന്യം ഈർപ്പവും വെളിച്ചവുമുള്ള മുറിയിലേക്ക് മാറ്റാം. ദിവസവും രണ്ടുനേരം നനയ്ക്കണം. 34 ദിവസംകൊണ്ട് കൂൺ പുറത്തേക്കുവളരും. അപ്പോൾ വിളവെടുക്കാം.

ബെഡ്ഡുകൾ വീണ്ടും അല്പം വെള്ളംനനച്ചു സൂക്ഷിച്ചാൽ നാലഞ്ചുദിവസം കഴിയുമ്പോൾ വീണ്ടും കൂണുകൾ മുളച്ചുവരുന്നത് കാണാം. ഇങ്ങനെ മൂന്നുപ്രാവശ്യംവരെ ഒരു കൂൺതടത്തിൽ നിന്ന് വിളവെടുക്കാം.

തൂവെള്ളനിറമുള്ള പാൽക്കൂണുകളും വളർത്താം. ചെറിയ വ്യത്യാസമുണ്ടെന്നുമാത്രം. തടങ്ങൾ തയ്യാറാക്കുന്നത് അതുപോലെത്തന്നെ. ഇതിൽ കൂൺവിത്ത് വശങ്ങളിൽ മാത്രമല്ല, മധ്യഭാഗത്തു മുഴുവനായി വിതറും. ഒരു കവറിൽ മൂന്ന് ചുരുൾ വെച്ചാൽ മതി.

1520 ദിവസംകൊണ്ട് വിത്ത് വളർച്ച പൂർത്തിയാകും. പൂർണവളർച്ചയെത്തിയ ബെഡ്ഡുകളുടെ മുകൾഭാഗത്തെ കവർ വൃത്താകൃതിയിൽ മുറിച്ചുമാറ്റി കേയ്സിങ് ചെയ്യണം. കമ്പോസ്റ്റ്, മണൽ, മണ്ണ് എന്നിവ തുല്യ അനുപാതത്തിൽ എടുത്ത് രണ്ട് ശതമാനം കാൽസ്യം കാർബണേറ്റും ചേർത്തുണ്ടാക്കിയ മിശ്രിതം 3040 ശതമാനം ഈർപ്പം കൊടുത്തു ഒരു മണിക്കൂർ ആവിയിൽ വെച്ചു തണുപ്പിച്ചു ബെഡ്ഡുകളുടെ മുകൾഭാഗത്തു മുക്കാൽ ഇഞ്ച് കനത്തിൽ പൊതിയുന്ന പ്രവൃത്തിയാണ് കേയ്സിങ്. ഇവ 1012 ദിവസം ഈർപ്പം നഷ്ടമാകാതെ വായുകടക്കുന്ന മുറിയിൽ സൂക്ഷിക്കണം. ഇടയ്ക്കു വെള്ളം തളിക്കണം. 78 ദിവസംകൊണ്ട് വളർന്നു വിളവെടുക്കാൻ പാകമാകും. ഒരാഴ്ച ഇടവിട്ട് രണ്ടോ മൂന്നോ പ്രാവശ്യം വിളവെടുക്കാം.

# പച്ചക്കറി വിപണിവിലയിൽ കർഷകർക്ക് ലഭിക്കുന്നത് 40 ശതമാനത്തിൽ താഴെ

പഴം, പച്ചക്കറി ഉത്പന്നങ്ങൾക്ക് ഉപഭോക്താക്കൾ വിപണിയിൽ നൽകുന്ന വിലയുടെ 40 ശതമാനത്തിൽതാഴെ തുക മാത്രമാണ് കർഷകർക്കു ലഭിക്കുന്നതെന്ന് റിസർവ് ബാങ്കിന്റെ പ്രവർത്തനറിപ്പോർട്ട്. ഇടനിലക്കാരും ചില്ലറവിൽപ്പനക്കാരുമാണ് ബാക്കി 60 ശതമാനം തുകയും സ്വന്തമാക്കുന്നത്. വിലക്കയറ്റം രൂക്ഷമായിരിക്കുമ്പോഴും കർഷകരുടെ പേരിൽ ഇവർ ലാഭമെടുക്കുകയാണെന്ന് റിപ്പോർട്ട് പറയുന്നു.

പണപ്പെരുപ്പം വിപണിയിലുണ്ടാക്കുന്ന ചലനങ്ങൾ വിലയിരുത്തി ആർ.ബി.ഐയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കോണമി ആൻഡ് പോളിസി റിസർച്ചാണ് പ്രവർത്തനരേഖ തയ്യാറാക്കിയത്. റിപ്പോർട്ടിലെ അഭിപ്രായങ്ങൾ ആർ.ബി.ഐയുടേതല്ലെന്നും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്.വാഴപ്പഴം, മുന്തിരി, മാമ്പഴം, അവശ്യ പച്ചക്കറികളായ തക്കാളി, സവാള, ഉരുളക്കിഴങ്ങ് ഇവയുടെ വിലയിൽ തുച്ഛമായ തുകമാത്രമാണ് കർഷകർക്കു നേരിട്ടു ലഭിക്കുന്നത്. അതേസമയം, ക്ഷീരപൗൾട്രി കൃഷികളിൽ കർഷകർക്ക് ന്യായമായ വിഹിതം ലഭിക്കുന്നുമുണ്ട്. പയർവർഗങ്ങളുടെ കൃഷിയിലും ഭേദപ്പെട്ട നിലയിൽ വില ലഭ്യമാകുന്നുവെന്ന് ഇതിൽ ചൂണ്ടിക്കാട്ടുന്നു. ക്ഷീരമേഖലയിൽ ഉപഭോക്തൃവിലയുടെ 70 ശതമാനം വരെയും മുട്ട



ക്യഷിയിൽ 75 ശതമാനംവരെയും തുക കർഷകർക്കു ലഭിക്കുന്നുണ്ട്. ഇറച്ചിക്കോഴി കൃഷിയിലിത് 56 ശതമാനംവരെയാണ്.

വാഴപ്പഴം ഉത്പാദിപ്പിക്കുന്ന കർഷകന് വിപണിവിലയുടെ 31 ശതമാനം തുക മാത്രമാണ് ലഭിക്കുന്നത്. മുന്തിരിക്കിത് 35 ശതമാനവും മാമ്പഴത്തിന് 43 ശതമാനവുമാണ്. തക്കാളിവിലയിൽ 33 ശതമാനം തുക മാത്രമാണ് കർഷകരുടെ കൈകളിലേക്കെത്തുക. ഉള്ളിവിലയിലിത് 36 ശതമാനവും ഉരുളക്കിഴങ്ങിൽ 37 ശതമാനവുമാണ്.

കർഷകർക്കു മികച്ചവില ലഭിക്കുന്നതിന് കാർഷിക വിപണനരംഗത്ത് സമഗ്രമായ ഭേദഗതികൾ അനിവാര്യമാണെന്ന് ആർ.ബി.ഐ.യുടെ പ്രവർത്തന റിപ്പോർട്ടിൽ നിർദേശിക്കുന്നു. ഇക്കാര്യത്തിൽ കർഷകരെ സഹായിക്കാനായി സ്വകാര്യമേഖലയിൽ കൂടുതൽ ചന്തകൾ (മണ്ടികൾ) കൊണ്ടുവരണം. ഇത് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് മികച്ചവില ലഭിക്കാൻ സഹായകമാകും. തക്കാളി, പച്ചക്കറി, പഴങ്ങൾ തുടങ്ങി എളുപ്പത്തിൽ നശിക്കുന്ന കാർഷികോത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനും വിലയിൽ കൂടുതൽ സുതാര്യത കൊണ്ടുവരാനും ഇതുപകരിക്കും. മാത്രമല്ല, വിപണിയിൽ മത്സരം കൂടുതൽ ശക്തമാകും. ഇതോടെ പ്രാദേശികതലത്തിൽ ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ഉയർന്നുവരും.

വിപണിയുടെ കാര്യക്ഷമത ഉറപ്പാക്കാൻ ദേശീയതലത്തിൽ ഓൺലൈൻ നാഷണൽ അഗ്രിക്കൾച്ചറൽ വിപണികൾ (ഇ നാം) കൊണ്ടുവരണം. ഇത് വിപണനത്തിലെ ഇപ്പോഴുള്ള പോരായ്മകൾ പരിഹരിക്കാൻ സഹായകരമാകും. കർഷകർക്ക് ലഭിക്കുന്ന വിലവിഹിതം ഉയരാനും ഉപഭോക്താക്കൾക്ക് കുറഞ്ഞവിലയിൽ ഉത്പന്നം ലഭ്യമാക്കാനും ഇതുപകരിക്കും. കർഷകരുടെ നേതൃത്വത്തിൽ കൂടുതൽ കാർഷികോത്പന്നസംഘടനകൾ ഉയർന്നുവരേണ്ടതുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ഉള്ളിപോലുള്ള ഉത്പന്നങ്ങൾക്ക് അവധിവ്യാപാരം കൊണ്ടുവരുന്നത് മികച്ചവില ലഭിക്കാൻ സഹായിക്കുമെന്നും റിപ്പോർട്ട് പറയുന്നു.

# ഇനി കാവേരി കാഞ്ചന്റെ കാലം: നേന്ത്രന്റെ ഗുണങ്ങളും ചെറുപഴത്തിന്റെ ഘടനയുമുള്ള പുതിയ ഇനം



വൈറ്റമിൻ എയുടെ ഉയർന്ന ഉറവിടമാണ് നേന്ത്രപ്പഴം. പക്ഷേ, പഴത്തിന് ദൃഢത കൂടുതലായതിനാൽ അതിനോടു പ്രിയമില്ലാത്തവർ ഒട്ടേറെ. ചെറുപഴങ്ങളോടാണ് പലർക്കും കൂടുതൽ താൽപര്യമെന്ന് തിരുച്ചിറപ്പള്ളിയിലെ ദേശീയ വാഴ ഗവേഷണ കേന്ദ്രം (എൻ ആർസിബി) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എസ്.ഭാഗ്യറാണി പറയുന്നു. നേന്ത്രന്റെ ആരോഗ്യഗുണങ്ങളെല്ലാം പക്ഷേ ചെറുപഴങ്ങളിൽ ഇല്ലല്ലോ. അവർക്കായി നേന്ത്രന്റെ ഗുണങ്ങളും ചെറുപഴത്തിന്റെ ഘടനയുമുള്ള പുതിയൊരിനം ഡോ. ഭാഗ്യറാണി വികസിപ്പിച്ചിട്ടുണ്ട്: പേര് കാവേരി കാഞ്ചൻ.

സാധാരണഗതിയിൽ ഒരു നേന്ത്രപ്പഴം കഴിച്ചാൽ വയർ നിറയും. എന്നാൽ, ചെറുപഴങ്ങൾപോലെ കാവേരി കാഞ്ചൻ രണ്ടോ മൂന്നോ കഴിക്കാം കൾട്ടിവർ റോസ് ഇനവും നേന്ത്രനും ചേർത്താണ് കാവേരി കാഞ്ചൻ വികസിപ്പിച്ചത്. വിളദൈർഘ്യം നേന്ത്രന്റേതു തന്നെ. 7, 8 പടല, കുലത്തൂക്കം ശരാശരി 25 കിലോ. കേരളത്തിലെ മണ്ണിനും യോജിച്ച ഈ ഇനത്തിന്റെ തൈകൾ വിപുലമായി ഉൽപാദിപ്പിച്ചു തുടങ്ങിയിട്ടില്ലെങ്കിലും കേരളത്തിൽനിന്നുള്ള ചില കർഷകർ വാങ്ങി പരീക്ഷിക്കുന്നുണ്ടെന്ന് ഡോ. ഭാഗ്യറാണി പറയുന്നു.

## ജെഎം ഫിനാൻഷ്യലിന് രണ്ടാം പാദത്തിൽ 1,211 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** ജെഎം ഫിനാൻഷ്യൽ ലിമിറ്റഡിന് 2025 സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ 1,211 കോടി രൂപയുടെ അറ്റാദായം. നികുതി കഴിച്ചുള്ള ലാഭം 232 കോടി രൂപയാണ്. മുൻ പാദത്തിലേതിനേക്കാൾ അറ്റാദായത്തിൽ 11 ശതമാനവും നികുതി കഴിച്ചുള്ള ലാഭത്തിൽ 36 ശതമാനവും വർധന രേഖപ്പെടുത്തി.നിക്ഷേപ ബാങ്കിംഗിൽ നികുതി കഴിച്ചുള്ള ലാഭം മുൻവർഷത്തെയപേക്ഷിച്ച് 51 ശതമാനം വർധനവുമായി 215 കോടി രൂപയിലെത്തി. സെപ്തംബർ 30 ന് അവസാനിച്ച പാദത്തിലെ ലാഭം 142 കോടി രൂപയാണ്. സെപതംബർ 30 ന് സമ്പത്ത് 26 ശതമാനം വളർച്ചയുമായി 76,262 കോടി രൂപയായി ഉയർന്നു. 2023 സെപ്തംബർ 30 ന് ഇത് 60,287 കോടി രൂപയായിരുന്നു. ഡിജിറ്റൽ, ആസ്തി കൈകാര്യം ഒഴികെയുള്ള പ്രവർത്തനങ്ങളുടെ നികുതി കഴിച്ചുള്ള ലാഭം മുൻ വർഷത്തെയപേക്ഷിച്ച് 78 ശതമാനം വർധിച്ച് 55 കോടി രൂപയായി ഉയർന്നു. റിസർവ് ബാങ്ക് ജെഎം ഫിനാൻഷ്യൽ ലിമിറ്റഡിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞതിനെത്തുടർന്ന് ഓഹരികൾ, കടപ്പത്രങ്ങൾ എന്നിവയുടെ പണയത്തിൽ ഉടൻ വായ്പ നൽകുന്നുണ്ട്.

## ഫീൽ ഗുഡ് വിത് ഫിയാമ' മാനസിക സൗഖ്യ സർവേ




**കൊച്ചി :** മാനസികാരോഗ്യവുമായി ബന്ധപ്പെട്ട സംഭാഷണങ്ങൾ സജീവമാകുമ്പോൾ, ഇന്ത്യയിലെ മാനസികാരോഗ്യത്തിന്റെ ധാരണകളും യാഥാർത്ഥ്യങ്ങളും സംബന്ധിച്ച വിവരശേഖരണം നടത്തിക്കൊണ്ട് ഐടിസിയുടെ നാലാം വർഷ 'ഫീൽ ഗുഡ് വിത് ഫിയാമ മാനസിക സൗഖ്യ സർവേ 2024' സംഘടിപ്പിച്ചു. ഇന്ത്യയിൽ മാനസിക സൗഖ്യം സംബന്ധിച്ച അവബോധം, മനോഭാവം, പെരുമാറ്റ രീതികൾ എന്നിവ സർവേയിലൂടെ വ്യക്തമാക്കപ്പെട്ടതായി അധികൃതർ വ്യക്തമാക്കി. മാനസിക സൗഖ്യത്തിന്റെ ആവശ്യകത അംഗീകരിക്കുന്നതിലെ പുരോഗമനാത്മകത ഈ സർവേ പ്രതിഫലിപ്പിക്കുന്നു. അതേസമയം, പ്രൊഫഷണൽ പിന്തുണ ലഭിക്കുന്നതിനുള്ള നിരന്തരമായ തടസ്സങ്ങൾ സർവ്വേയിൽ സൂചിപ്പിക്കുകയും ചെയ്യുന്നു.

## റീഫർബിഷ് ചെയ്ത ഉപകരണങ്ങളുടെ ഇറക്കുമതി; പ്രതിഷേധവുമായി സംഘടനകൾ




**കൊച്ചി :** റീഫർബിഷ് ചെയ്തതും മുമ്പ് ഉപയോഗിച്ചതുമായ മെഡിക്കൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര പരിസ്ഥിതിവനം മന്ത്രാലയം, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസ്, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം എന്നിവയുടെ ഉത്തരവിനെതിരെ പേഷ്യന്റ് സേഫ്റ്റി ആൻഡ് ആക്സസ് ഇനിഷ്യേറ്റീവ് ഓഫ് ഇന്ത്യ ഫൗണ്ടേഷന്റെ (പിഎസ്എഐഐഎഫ്) നേതൃത്വത്തിൽ വിവിധ സംഘടനകൾ യോഗം ചേർന്ന് പ്രതിഷേധം രേഖപ്പെടുത്തി. രാജ്യത്ത് സമാന മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യം, രാജ്യത്തിന്റെ സ്വയംപര്യാപ്ത എന്നിവയിൽ ആശങ്ക ഉയർത്തുന്ന തീരുമാനമാണിതെന്ന് ചൂണ്ടിക്കാട്ടിയ യോഗം ഇക്കാര്യത്തിൽ പ്രതിഷേധം രേഖപ്പെടുത്തി. ഇന്ത്യൻ മെഡിക്കൽ ഡിവൈസസ്, മാനുഫാക്ചറേഴ്സ് ഓഫ് ഇമേജിംഗ്, തെറാപ്പി ആൻഡ് റേഡിയോളജി ഡിവൈസസ് അസോസിയേഷൻ (മിത്ര), അസോസിയേഷൻ ഓഫ് ഡയഗ്നോസ്റ്റിക് മാനുഫാക്ചറേഴ്സ് ഓഫ് ഇന്ത്യ (എഡിഎഐ) തുടങ്ങി വിവിധ സംഘടനകൾ പി എച്ച് ഡി ഹൗസിൽ ചേർന്ന യോഗത്തിൽ പങ്കെടുത്തു.

# കേരള ബ്ലാസ്റ്റേഴ്സിന്റെ ഒഫീഷ്യൽ പാർട്ണറായി കെ കെയർ




**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗ് 2024 25 സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ ഒഫീഷ്യൽ പാർട്ണറായി വാട്ടർപ്രൂഫിംഗ് ആന്റ് കൺസ്ട്രക്ഷൻ കെമിക്കൽസ് ബ്രാൻഡായ കെ കെയർ. ഒരു നൂറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യമുള്ള കള്ളിയത്ത് ഗ്രൂപ്പിൽ നിന്നുമുള്ള കെ കെയർ, കേരളത്തിലെ നിർമാണ മേഖലയിൽ ഇതിനോടകം ഉപഭോക്താക്കളുടെ വിശ്വസ്തയാർജിച്ച സ്ഥാപനമാണെന്ന് കള്ളിയത്ത് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ദിർഷ കെ മൊഹമ്മദ് പറഞ്ഞു. കാലങ്ങളോളം ഈടുനിൽക്കുന്ന ബലവും ഗുണമേന്മയും തങ്ങളുടെ നിർമിതികളിൽ കെ കെയർ ഉറപ്പുനൽകുന്നു. ഗുണമേന്മ, വിശ്വസനീയത, നവീനത എന്നിവയാണ് കെ കെയറിന്റെ മുഖമുദ്ര. നിശ്ചയദാർഢ്യത്തിനും ആരാധകരുമായുള്ള ഊഷ്മള ബന്ധത്തിനും പേരുകേട്ട കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയ്ക്ക് സമാനമായി, കെ കെയറും കരുത്തും ദീർഘകാല സ്വാധീനവും ഉൾക്കൊള്ളുന്നു.ഇത് വെറുമൊരു സ്പോൺസർഷിപ്പ് മാത്രമായി ഞങ്ങൾ കാണുന്നില്ല. വിജയത്തിലേക്കുള്ള കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ യാത്രയിൽ അവർക്കൊപ്പം തോളോടുതോൾ ചേർന്ന് നിൽക്കുകയാണ് ഞങ്ങൾ. നിർമാണ മേഖലയിലെന്നതുപോലെ ഫുട്ബോളിലും അതിന്റെ ശക്തമായ അടിത്തറ തന്നെയാണ് പരമപ്രധാനമായ കാര്യം. കെ കെയറിലൂടെ കാലങ്ങളോളം ഈടുനിൽക്കുന്ന കരുത്താണ് ഞങ്ങൾ പടുത്തുയർത്തുന്നത്, അതേ മനോഭാവവും കാഴ്ചപ്പാടുമാണ് കേരളബ്ലാസ്റ്റേഴ്സിലും ഞങ്ങൾ കാണുന്നത്. ഒരുമിച്ച് നിന്നുകൊണ്ട് കളിക്കളത്തിലും പുറത്തും ഞങ്ങൾ ചരിത്രം തീർക്കുമെന്നും ദിർഷ കെ മൊഹമ്മദ് പറഞ്ഞു. വെറുമൊരു പങ്കാളിത്തം എന്നതിനപ്പുറം ശക്തി, പ്രതിരോധം, സ്വാധീനം എന്നിവയിലുള്ള ഇരുവരുടേയും പ്രതിബദ്ധതയാണ് ഇതിലൂടെ വ്യക്തമാകുന്നതെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി ചീഫ് റവന്യൂ ഓഫീസർ ജോബി ജോബ് ജോസഫ് പറഞ്ഞു.നിർമിതികളിൽ ഉറപ്പുള്ള അടിത്തറ തയ്യാറാക്കുന്ന കെ കെയറിനെപ്പോലെ ഇന്ത്യൻ ഫുട്ബോളിന്റെ കരുത്തുറ്റ പാരമ്പര്യം കെട്ടിപ്പടുക്കുവാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്നും ജോബി ജോബ് ജോസഫ് പറഞ്ഞു.

# ഭിന്നശേഷിക്കാർക്ക് നേഴ്സറി പരിപാലനം നൈപുണ്യ പരിശീലനം നൽകി മാൻ കാൻകോറും വെൽഫെയർ സർവ്വീസ് എറണാകുളവും

- മുപ്പത് പേർക്കാണ് പദ്ധതിയിലൂടെ നൈപുണ്യ പരിശീലനം നൽകിയത്
- പദ്ധതിയുടെ ലക്ഷ്യം ഭിന്നശേഷിക്കാരുടെ തൊഴിലവസരങ്ങൾ



**കൊച്ചി:** മാൻ കാൻകോറും വെൽഫെയർ സർവ്വീസ് എറണാകുളവും സംയുക്തമായി ഭിന്നശേഷിക്കാർക്ക് സസ്യനഴ്സറി പരിപാലനത്തിൽ നൈപുണ്യ പരിശീലനം നൽകി. നൈപുണ്യ വികസനം ഉറപ്പുനൽകി ഭിന്നശേഷിക്കാരുടെ തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പരിശീലന പദ്ധതി ആവിഷ്കരിച്ചത്. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഗോള സ്പൈസ് എക്സ്ട്രാക്ട് വിപണിയിലെ പ്രമുഖ കമ്പനിയായ മാൻ കാൻകോറിന്റെ സി.എസ്.ആർ പദ്ധതിയുടെ ഭാഗമായാണ് എറണാകുളം വെൽഫെയർ സർവ്വീസുമായി ചേർന്ന് പദ്ധതി നടപ്പാക്കിയത്. മുപ്പത് പേർക്കാണ് പദ്ധതിയിലൂടെ നൈപുണ്യ പരിശീലനം നൽകിയത്. 15 മുതൽ 20 ദിവസം നീണ്ടുനിന്ന പരിശീലനകാലയളവിന് ശേഷം നൈപുണ്യം നേടിയവർക്കായി അങ്കമാലി ചമ്പന്നൂർ പഞ്ചായത്തിലെ എറണാകുളം വെൽഫെയർ സർവീസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നഴ്സറിയും തുറന്നു. ഇത്തരം നൈപുണ്യം നേടുന്നതിലൂടെ ഭിന്നശേഷിക്കാർക്ക് സുസ്ഥിര ഉപജീവനമാർഗം കണ്ടെത്തുവാനും ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കുമെന്ന് മാൻ കാൻകോർ ഡയറക്ടർ ആൻഡ് സി.ഇ.ഒ ഡോ. ജീമോൻ കോര പറഞ്ഞു. പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തെ പിന്തുണയ്ക്കുന്നതിനും ശാക്തീകരിക്കുന്നതിനും മാൻ കാൻകോർ പ്രതിജ്ഞാബദ്ധമാണ്. എറണാകുളം വെൽഫെയർ സർവീസുമായുള്ള പങ്കാളിത്തത്തിലൂടെ വേർതിരിവില്ലാതെ എല്ലാവർക്കും വിജയിക്കാൻ അവസരമൊരുക്കുന്ന സാമൂഹിക തുല്യത ഉറപ്പുവരുത്തുകയാണ് കമ്പനിയുടെ ലക്ഷ്യം. ചമ്പന്നൂർ പഞ്ചായത്തിൽ ആരംഭിച്ച നഴ്സറിയുടെ ഉദ്ഘാടനം വി മാൻ ഫിൽസ് പ്രസിഡന്റ് ജോൺ മാൻ, വി മാൻ ഫിൽസ് ഇ.എം.ഇ.എ(യൂറോപ്പ്, മിഡിൽ ഈസ്റ്റ് ആൻഡ് ആഫ്രിക്ക) റീജിയണൽ ഡയറക്ടർ സമന്ത മാൻ എന്നിവർ ചേർന്ന് നിർവഹിച്ചു. എറണാകുളം വെൽഫെയർ സർവ്വീസ് എക്സി. ഡയറക്ടർ ഫാദർ ജോസഫ് കുളുത്തുവേലിൽ, മാൻ കാൻകോർ ഡയറക്ടർ ആൻഡ് സി.ഇ.ഒ ഡോ.ജീമോൻ കോര, വിവേക് ജെയിൻ(സി.എഫ്.ഒ, മാൻ കാൻകോർ), പ്രതാപ് വള്ളിക്കാടൻ (സീനിയർ വൈസ് പ്രസിഡന്റ്ബിസിനസ്,മാൻ കാൻകോർ), മാത്യു വർഗീസ് (സീനിയർ വൈസ് പ്രസിഡന്റ് ഓപ്പറേഷൻസ്), മാർട്ടിൻ ജേക്കബ് (വൈസ് പ്രസി. എച്ച്.ആർ,) എന്നിവർ പങ്കെടുത്തു.



ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് കിംസ്ഹെൽത്ത് സംഘടിപ്പിക്കുന്ന 'കിക്ക് ഫാസ്റ്റ്' ബോധവൽക്കരണ ക്യാമ്പയിനിന്റെ ലോഗോ തിരുവനന്തപുരം കൊമ്പൻസ് എഫ്.സി താരങ്ങൾ അനാവരണം ചെയ്യുന്നു. കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള സമീപം

# ഗോൾ അടിക്കാം സ്ട്രോക്കിനെതിരെ; കിക്ക് ഫാസ്റ്റ് ബോധവൽക്കരണ ക്യാമ്പയിനുമായി കിംസ്ഹെൽത്ത്

**തിരുവനന്തപുരം:** ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് 'കിക്ക് ഫാസ്റ്റ്' ബോധവൽക്കരണ ക്യാമ്പയിന് തുടക്കം കുറിച്ച് തിരുവനന്തപുരം കിംസ്ഹെൽത്ത്. ആശുപത്രിയിലെ ന്യൂറോളജി വിഭാഗം നേതൃത്വം നൽകുന്ന ആറ് മാസത്തോളം നീണ്ടു നിൽക്കുന്ന പരിപാടികൾക്കാണ് തുടക്കമായത്.

കിംസ്ഹെൽത്തിൽ വച്ച് നടന്ന ചടങ്ങിൽ തിരുവനന്തപുരം കൊമ്പൻസ് എഫ്.സി ക്യാപ്റ്റൻ പാട്രിക് മൊത്ത, താരങ്ങളായ മാർക്കോസ് വൈൽഡർ, സീസണ് സെൽവൻ, മുഹമ്മദ് ഷാഫി എന്നിവർ ചേർന്ന് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. അനുദിനം വർധിച്ചു വരുന്ന സ്ട്രോക്ക് രോഗികളുടെ എണ്ണം മുൻനിർത്തി, പൊതുജനങ്ങൾക്കിടയിൽ സ്ട്രോക്കിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കേണ്ടത് പ്രധാനമാണെന്ന് ക്യാമ്പയിന്റെ ലോഗോ അനാവരണം ചെയ്ത് താരങ്ങൾ സംസാരിച്ചു. ഫുട്ബോളിലെന്ന പോലെ കൃത്യമായൊരു ദിനചര്യയും ഭക്ഷണരീതിയും പിന്തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബ്രസീലിയൻ താരമായ പാട്രിക് മൊത്ത സംസാരിച്ചു. ദിവസവും അര മണിക്കൂറെങ്കിലും നടക്കുകയോ മറ്റ് കായികവിനോദങ്ങളിലേർപ്പെടുന്നതോ ശീലമാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമയമാണ് സ്ട്രോക്ക് പരിചരണത്തിൽ ഏറ്റവും നിർണായക ഘടകമെന്നും കൃത്യസമയത്ത് വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുന്നതിലൂടെ രോഗം ഭേദമാക്കാൻ സാധിക്കുമെന്നും കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റും ക്ലിനിക്കൽ ലീഡുമായ ഡോ. സന്തോഷ് ജോസഫ്, ന്യൂറോളജി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. സുരേഷ് ചന്ദ്രൻ സി.ജെ എന്നിവർ സ്ട്രോക്ക് ദിന സന്ദേശം നൽകി. ചടങ്ങിൽ ന്യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ശ്യാംലാൽ എസ് സ്വാഗതവും എമർജൻസി വിഭാഗം കൺസൾട്ടന്റും ഗ്രൂപ്പ് ക്ലിനിക്കൽ ആൻഡ് അക്കാഡമിക് കോർഡിനേറ്ററുമായ ഡോ. ഷമീം കെ.യു നന്ദിയും അറിയിച്ചു.

# ഗ്രീൻ മൊബിലിറ്റി മെച്ചപ്പെടുത്തി ടാറ്റാ മോട്ടോർസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് പ്രമുഖ ഗ്രീൻ ഫ്യുവൽ റീട്ടെയിലിങ്ങ് ആൻഡ് ലോജിസ്റ്റിക്സ് കമ്പനിയായ ക്ലീൻ ഗ്രീൻ ഫ്യുവൽ ആൻഡ് ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിന് ടാറ്റ പ്രൈമ 5530.എസ് എൽഎൻജി ട്രക്കുകൾ വിതരണം ചെയ്യാൻ തുടങ്ങി. ഇത്തരത്തിലുള്ള 150 ട്രക്കുകൾ വിതരണം ചെയ്യാനുള്ള ഓർഡർ ടാറ്റ മോട്ടോഴ്സിന് ലഭിച്ചിരുന്നു. പ്രത്യേകം സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് വാഹനങ്ങളുടെ ആദ്യ ബാച്ച് കൈമാറി. ശേഷിക്കുന്ന ടാറ്റ പ്രൈമ 5530.എസ് എൽഎൻജി ട്രക്കുകളുടെ ഡെലിവറി പിന്നീട് ഘട്ടംഘട്ടമായി നടത്തും. ടാറ്റ പ്രൈമ 5530.എസ് എൽഎൻജിയുടെ 350 യൂണിറ്റുകൾ കൂടി വിതരണം ചെയ്യാനുള്ള ധാരണാപത്രം ടാറ്റ മോട്ടോഴ്സും ക്ലീൻ ആൻഡ് ഗ്രീൻ ഫ്യുവൽ ആൻഡ് ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവെച്ചു.

ടാറ്റ പ്രൈമ 5530.എസ് എൽഎൻജി ട്രക്കുകളുടെ ആദ്യ ബാച്ച് ക്ലീൻ ഗ്രീൻ ഫ്യുവൽ ആൻഡ് ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിന് നൽകാനായതിൽ സന്തോഷമുണ്ടെന്നും ലോജിസ്റ്റിക്സ് ഹരിതവും സ്മാർട്ടുമാക്കുക എന്ന ലക്ഷ്യത്തിൽ ഞങ്ങൾ ഒരുപോലെ പ്രതിജ്ഞാബദ്ധരാണെന്നും ടാറ്റ പ്രൈമ 5530.എസ് എൽഎൻജി ട്രക്കുകൾ കൈമാറുന്ന വേളയിൽ ടാറ്റ മോട്ടോഴ്സ് ട്രക്സ് വൈസ് പ്രസിഡന്റ് ആൻഡ് ബിസ്നസ് ഹെഡ് രാജേഷ് കൗൾ പറഞ്ഞു. അവരുടെ പ്രവർത്തന ആവശ്യകതകളും സുസ്ഥിര ലക്ഷ്യങ്ങളുമായും പൂർണമായും യോജിക്കുന്ന ശ്രദ്ധേയമായ പ്രകടനവും ഉയർന്ന കാര്യക്ഷമതയും കുറഞ്ഞ ഉദ്വമനവും പ്രദാനം ചെയ്യുന്നതാണ് ഞങ്ങളുടെ ട്രക്കുകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടാറ്റ പ്രൈമ 5530.എസ് എൽഎൻജിക്ക് കരുത്തേകുന്നത് ഇന്ധനക്ഷമതയുള്ള കമ്മിൻസ് 6.7 ലിറ്റർ ഗ്യാസ് എൻജിനാണ്. അസാധാരണമായ പ്രകടനത്തിനായി 280എച്ച്പി പവറും 1100എൻഎം ടോർക്കും നൽകുന്നു. ശക്തമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ വാഹനം ഉപരിതല ഗതാഗതത്തിനും ദീർഘദൂര വാണിജ്യ പ്രവർത്തനങ്ങൾക്കും അനുയോജ്യമാണ്. പ്രീമിയം പ്രൈമ ക്യാബിൻ ഡ്രൈവർക്ക് മികച്ച സൗകര്യങ്ങൾ നൽകുന്നു. ഗിയർ ഷിഫ്റ്റ് അഡ്വൈസർ പോലുള്ള സവിശേഷതകൾ ഇന്ധന ഉപയോഗം കൂടുതൽ ഒപ്റ്റിമൈസ് ചെയ്യുകയും കാര്യക്ഷമത മെച്ചപ്പെടുത്തുകയും പ്രവർത്തന ചെലവ് കുറയ്ക്കുകയും ചെയ്യുന്നു. വ്യത്യസ്തമായ പ്രവർത്തന ആവശ്യങ്ങൾക്കനുസരിച്ച് സിംഗിൾ, ഡ്യുവൽ ക്രയോജനിക് ടാങ്ക് ഓപ്ഷനുകളിൽ ടാറ്റ പ്രൈമ 5530.എസ് എൽഎൻജി ലഭ്യമാണ്. 1000 കിലോമീറ്ററിലധികം റെയ്ഞ്ച് വാഗ്ദാനം ചെയ്യുന്ന ഡ്യുവൽ ടാങ്ക് ഓപ്ഷൻ വിപുലമായ റെയ്ഞ്ചും മെച്ചപ്പെട്ട പ്രവർത്തനക്ഷമതയും വാഗ്ദാനം ചെയ്യുന്നു. ഇത് വാഹനത്തെ ദീർഘദൂര പ്രവർത്തനങ്ങൾക്ക് അനുയോജ്യമാക്കുന്നു. കൂടാതെ കാര്യക്ഷമമായ ഫ്ളീറ്റ് മാനേജ്മെന്റിനായി ടാറ്റാ മോട്ടോഴ്സിന്റെ മുൻനിര കണക്ടഡ് വെഹിക്കിൾ പ്ലാറ്റ്ഫോമായ ഫ്ളീറ്റ് എഡ്ജ് കൊണ്ട് ട്രക്ക് സജ്ജീകരിച്ചിരിക്കുന്നു. ഇത് വാഹനങ്ങളുടെ പ്രവർത്തന സമയം വർധിപ്പിക്കാനും ഉടമസ്ഥതയുടെ ആകെ ചെലവ് കുറയ്ക്കാനും ഓപ്പറേറ്റർമാരെ പ്രാപ്തരാക്കുന്നു. ബാറ്ററി ഇലക്ട്രിക്, സി.എൻ.ജി, എൽ.എൻ.ജി, ഹൈഡ്രജൻ ഇന്റേണൽ കംബസ്റ്റൺ, ഹൈഡ്രജൻ ഫ്യുവൽ സെൽ തുടങ്ങിയ ബദൽ ഇന്ധന സാങ്കേതിക വിദ്യകളാൽ പ്രവർത്തിക്കുന്ന നൂതന മൊബിലിറ്റി സൊല്യൂഷനുകൾ വികസിപ്പിക്കുന്നതിൽ ടാറ്റ മോട്ടോഴ്സ് മുൻപന്തിയിലാണ്.

# വിഗാർഡ് വരുമാനത്തിൽ 14.1 ശതമാനം വർധനവ്; അറ്റാദായത്തിൽ 7.5 ശതമാനം വളർച്ച

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2024 25 സാമ്പത്തിക വർഷം, സെപ്തംബർ 30 ന് അവസാനിച്ച രണ്ടാം പാദത്തിൽ 1293.99 കോടി രൂപയുടെ സംയോജിത അറ്റ വരുമാനം നേടി. മുൻ വർഷത്തെ വരുമാനത്തേക്കാൾ (1133.75 കോടി രൂപ) 14.1% വളർച്ചയാണ് രേഖപ്പെടുത്തിയത്. കമ്പനിയുടെ സംയോജിത അറ്റാദായം മുൻ വർഷത്തെക്കാൾ 7.5 ശതമാനം വളർച്ചയോടെ 63.39 കോടി രൂപയായി. മുൻ വർഷമിത് 58.95 കോടി രൂപയായിരുന്നു.

സെപ്തംബർ 30 ന് അവസാനിച്ച കമ്പനിയുടെ 6 മാസ കാലയളവിലെ സംയോജിത അറ്റ വരുമാനം മുൻ വർഷത്തെക്കാൾ 18 ശതമാനം വളർച്ചയോടെ 2348.51 കോടി രൂപയിൽ നിന്ന് 2771.09 കോടി രൂപയായി. ഇതേ കാലയളവിലെ സംയോജിത അറ്റാദായം മുൻ വർഷത്തെക്കാൾ 31.8 ശതമാനം വളർച്ച നേടി 123.17 കോടി രൂപയിൽ നിന്ന് 162.36 കോടി രൂപയായി.

ഈ ത്രൈമാസത്തിൽ ഇലക്ട്രോണിക് വിഭാഗത്തിൽ മികച്ച മുന്നേറ്റം കൈവരിക്കാൻ വിഗാർഡിന് സാധിച്ചുവെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. ഇൻ ഹൗസ് മാനുഫാക്ച്ചറിംഗ്, ചെലവ് കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ, പ്രീമിയം പോർട്ട് ഫോളിയോയിലേക്കുള്ള മാറ്റം എന്നിവ മൊത്ത വരുമാനം വർദ്ധിക്കാൻ സഹായകമായി. കോപ്പർ വിലയിലുണ്ടായ വ്യതിയാനം വിഗാർഡിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിന് കീഴിലുള്ള ഇലക്ട്രിക് വയറുകൾക്ക് തിരിച്ചടിയായി. ആദ്യ പകുതിയിലെ മുന്നേറ്റം രണ്ടാം പകുതിയിലും തുടരുമെന്നും, മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കാലിഫോർണിയ ആൽമണ്ട് ദീപാവലി കാമ്പയിൻ

**കൊച്ചി:** ദീപാവലി ആഘോഷവേളയിൽ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തുന്നതിനും ശരീരഭാരം വർധിപ്പിക്കുന്നത് തടയുന്നതിനും രക്തത്തിലെ പഞ്ചസാരയുടെ വർധനവ് ഒഴിവാക്കുന്നതിനും ശ്രദ്ധാലുവായിരിക്കേണ്ടത് അത്യാവശ്യമാണെന്ന സന്ദേശം ഉയർത്തി ക്യാംപെയ്നുമായി ദി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ആരോഗ്യത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ആഘോഷങ്ങൾ ആസ്വദിക്കാനുള്ള ഫലപ്രദമായ മാർഗമാണ് ബദാം പോലുള്ള പോഷക സമ്പുഷ്ടമായ വിഭവങ്ങൾ ഉൾപ്പെടുത്തുന്നത് പോലെയുള്ള സ്മാർട്ടായ ഭക്ഷണം തിരഞ്ഞെടുക്കുന്നതെന്ന് കാമ്പയിൻ പറയുന്നു. ഉത്സവ സീസണിൽ ആരോഗ്യകരമായ ലഘുഭക്ഷണത്തിനുള്ള മികച്ച ചോയിസായും ബദാമിനെ ഉപയോഗിക്കാം. പ്രോട്ടീൻ, കാത്സ്യം, സിങ്ക്, ഡയറ്ററി ഫൈബർ, മഗ്നീഷ്യം എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങൾ ബദാമിൽ അടങ്ങിയിട്ടുണ്ട്, ഇത് മൊത്തത്തിലുള്ള ക്ഷേമത്തെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന നിരവധി ആരോഗ്യ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു.

# മലങ്കര ക്രെഡിറ്റ് സൊസൈറ്റിക്ക് പുരസ്കാരം

**തൃശൂർ:** ഇന്ത്യയിലെ മികച്ച വാർഷിക റിപ്പോർട്ടിനുള്ള അവാർഡ് ബോചെ പ്രൊമോട്ടറായ മലങ്കര ക്രെഡിറ്റ് സൊസൈറ്റിക്ക് ലഭിച്ചു. ബാങ്കിംഗ് ഫ്രണ്ടിയേഴ്സും നാഫ് കബും ചേർന്ന് ലക്നൗവിൽ നടത്തിയ അവാർഡ് നിശയിൽ നാഫ് കബ് വൈസ് പ്രസിഡൻറ് മിലിന്ദ് കാലേ, ഡയറക്ടർ അജയ് ജെ. ബ്രഹ്മേച്ച എന്നിവരിൽ നിന്നും മലങ്കര ക്രെഡിറ്റ് സൊസൈറ്റി ചെയർമാൻ ജിസോ ബേബി അവാർഡ് സ്വീകരിച്ചു. ഡിജിഎം രഘു വി. ചടങ്ങിൽ സന്നിഹിതനായിരുന്നു.

816 കോടിയിൽപരം രൂപയുടെ ബിസിനസും 95000 മെമ്പർമാർക്ക് സേവനവും നൽകിവരുന്ന സൊസൈറ്റിയാണ് ബോചെ പ്രമോട്ടറായിട്ടുള്ള മലങ്കര ക്രെഡിറ്റ് സൊസൈറ്റി.

2030 ആകുമ്പോഴേക്കും 25000 കോടി ബിസിനസുള്ള ഇന്ത്യയിലെ നമ്പർ വൺ കോ ഓപ്പറേറ്റീവ് സൊസൈറ്റിയായി മലങ്കര ക്രെഡിറ്റ് സൊസൈറ്റിയെ മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുമായാണ് സൊസൈറ്റി മുന്നോട്ട് പോകുന്നത്.

20222023 സാമ്പത്തിക വർഷത്തിൽ മുപ്പത്തയ്യായിരം മെമ്പർമാർക്ക് ലാഭവിഹിതം നൽകിയ സൊസൈറ്റിക്ക് നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തന അനുമതി ഉള്ളതും നിക്ഷേപം സ്വീകരിക്കുവാനും ലോൺ നൽകുവാനും അധികാരമുള്ള സ്ഥാപനവുമായ മലങ്കര ക്രെഡിറ്റ് സൊസൈറ്റി ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്.ഠ

# മുത്തൂറ്റ് ഫിൻകോർപ് ഷാരൂഖ് ഖാനുമായി ചേർന്ന് പുതിയ ഉൽസവകാല കാമ്പെയിൻ ആരംഭിച്ചു

### ഉപഭോക്താക്കൾക്ക് മിസ്ഡ് കോളിലൂടെ ഇനി ടൂവീലർ, ബിസിനസ് വായ്പ സ്വന്തമാക്കാം

**കൊച്ചി:** 137 വർഷത്തെ പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ (മുത്തൂറ്റ് ബ്ലൂ) പതാകവാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ് ലിമിറ്റഡ് (എംഎഫ്എൽ) ബിസിനസ്, ടൂവീലർ വായ്പകൾക്ക് പുതിയ ഉൽസവകാല കാമ്പെയിൻ അവതരിപ്പിച്ചു. മിസ്ഡ് കോളിലൂടെ വ്യക്തികൾക്ക് അവരുടെ സ്വപ്നങ്ങൾ സഫലമാക്കാൻ പ്രോൽസാഹിപ്പിക്കുന്നതാണ് പരസ്യം.

രണ്ടു കാമ്പെയിനുകളും ഗ്രൂപ്പിൻറെ ബ്രാൻഡ് അംബാസഡറായ ഷാരൂഖ് ഖാനെയും അദ്ദേഹത്തിൻറെ സ്വാധീനവും ഉപയോഗപ്പെടുത്തി എംഎഫ്എല്ലിൻറെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നു.

ആദ്യ പരസ്യത്തിൽ ലളിതവും ലഭ്യമായതുമായ വായ്പ ഓപ്ഷനുകൾ അവതരിപ്പിച്ചുകൊണ്ട് ഇരു ചക്രവാഹനം സ്വന്തമാക്കുക എന്ന ഉപഭോക്താവിൻറെ സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനുള്ള ഒരു 'സൂപ്പർസ്റ്റാർ രഹസ്യം' ഖാൻ വെളിപ്പെടുത്തുന്നു. രണ്ടാമത്തെ പരസ്യം ബിസിനസ് വിജയത്തിനായുള്ള 'ബ്ലോക്ക്ബസ്റ്റർ ടിപ്പ്' നൽകുന്നു. അവരുടെ ലക്ഷ്യങ്ങളിലേക്കുള്ള വലിയ ചുവടുവെപ്പ് നടത്താൻ സംരംഭകരെ ശാക്തീകരിക്കുന്നതിനുള്ള താക്കോലായി എംഎഫ്എല്ലിൻറെ ബിസിനസ് വായ്പകളെ അവതരിപ്പിക്കുന്നു.

ടൂവീലറിനും ബിസിനസ് വായ്പകൾക്കുമുള്ള ഏറ്റവും പുതിയ പദ്ധതി അവതരിപ്പിക്കുന്നതിലൂടെ സാധാരാണക്കാരൻറെ ജീവിതം മെച്ചപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിലുമുള്ള പ്രതിജ്ഞാബദ്ധതയാണിതെന്ന് എംഎഫ്എൽ സിഇഒ ഷാജി വർഗീസ് പറഞ്ഞു.

ടൂവീലർ വാങ്ങുന്നതിനായാലും ബിസിനസ് വിപുലമാക്കുന്നതിലായാലും എംഎഫ്എൽ മുത്തൂറ്റ് ഫിൻകോർപ് വൺ ആപ്പിലൂടെയും ഇന്ത്യയിലുടനീളമുള്ള എംഎഫ്എല്ലിൻറെ 3700ഓളം ബ്രാഞ്ചുകളിലൂടെയും ഉപഭോക്താക്കൾക്ക് വായ്പ തെരഞ്ഞെടുക്കാൻ അവസരവും സൗകര്യവും വിശ്വാസ്യതയും ലഭ്യമാക്കുന്നുവെന്നും ബ്രാൻഡ് അംബാസഡറായി ഷാരൂഖ് ഖാൻ തങ്ങളുടെ വിശ്വാസ്യതയെ കൂടുതൽ ശക്തിപ്പെടുത്തുന്നുവെന്നും ഇത് ഉപഭോക്താക്കളുമായി അടുക്കാനും ഒരു മിസ്ഡ് കോളിലൂടെ വായ്പ സേവനങ്ങൾ ലഭ്യമാക്കാൻ സാധ്യമാക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

80869 80869ലേക്ക് വിളിച്ച് ബിസിനസ്, ടൂവീലർ വായ്പ ലഭ്യമാക്കാനുള്ള എളുപ്പ മാർഗമാണ് കാമ്പെയിൻ എടുത്ത് കാണിക്കുന്നത്. വിപുലമായ ഉപഭോക്താക്കളിലേക്ക് എംഎഫ്എല്ലിൻറെ സന്ദേശം കാര്യക്ഷമമായി എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ മൂന്ന് ഭാഷകളിൽ പ്രചാരണമുണ്ടാകും. മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ ഭാഗമായ മുത്തൂറ്റ് കാപിറ്റൽ സർവീസസ് ലിമിറ്റഡിൻറെ പദ്ധതിയാണ് ടൂവീലർ വായ്പ.

# ഹോണ്ട കാർസ് ഇന്ധന പമ്പിന്റെ പ്രിവെന്റീവ് റീപ്ലേസ്മെന്റിനായുള്ള കാമ്പെയ്ൻ വിപുലീകരിക്കുന്നു

**ന്യൂഡൽഹി:** ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) തങ്ങളുടെ തിരഞ്ഞെടുത്ത മോഡലുകളുടെ 90,468 പഴയ യൂണിറ്റുകളിൽ ഫ്യുവൽ പമ്പ് മാറ്റിസ്ഥാപിക്കുന്നതിന് പ്രഖ്യാപിച്ച കാമ്പെയ്ൻ വിപുലീകരിച്ചതായി പ്രഖ്യാപിച്ചു. കൂടാതെ, നേരത്തെ ഈ ഭാഗം ഒരു സ്പെയർ പാർട്ടായി മാറ്റത്തിന് വിധേയമായ പഴയ മോഡലുകളുടെ 2,204 യൂണിറ്റുകളും ഈ കാമ്പെയ്നിൽ ഉൾപ്പെടുന്നു.

2024 നവംബർ 5 മുതൽ ഘട്ടം ഘട്ടമായി ഇന്ത്യയിലുടനീളമുള്ള ഹോണ്ട ഡീലർഷിപ്പുകളിൽ മാറ്റിസ്ഥാപിക്കൽ സൗജന്യമായി നടത്തുകയും വാഹന ഉടമകളെ വ്യക്തിഗതമായി ബന്ധപ്പെടുകയും ചെയ്യും.

ഈ വാഹനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ഇന്ധന പമ്പുകളിൽ തകരാറുള്ള ഇംപെല്ലറുകൾ അടങ്ങിയിരിക്കാം, ഇത് കാലക്രമേണ എഞ്ചിൻ കേടു വരാൻ കാരണമാകാം.

കമ്പനിയുടെ വെബ്സൈറ്റിൽ സൃഷ്ടിച്ചിരിക്കുന്ന പ്രത്യേക മൈക്രോസൈറ്റിൽ ഉപഭോക്താക്കൾക്ക് അവരുടെ ആൽഫന്യൂമറിക് വെഹിക്കിൾ ഐഡന്റിഫിക്കേഷൻ നമ്പർ (വിഐഎൻ) സമർപ്പിച്ച് ഈ കാമ്പെയ്നിന്റെ പരിധിയിൽ വരുന്നുണ്ടോയെന്ന് പരിശോധിക്കാം.

ജൂൺ 17 മുതൽ ഒക്ടോബർ 23 വരെയുള്ള കാലയളവിൽ ഹോണ്ട കാർസിന്റെ അംഗീകൃത ഡീലർഷിപ്പുകളിൽ നിന്ന് കൗണ്ടർ സെയിലിലൂടെ ഫ്യൂവൽ പമ്പ് അസി വാങ്ങിയിട്ടുള്ള ഉപഭോക്താക്കൾക്ക് ഹോണ്ട കാർസ് ഡീലർഷിപ്പ് വഴിയും വാഹനം പരിശോധിക്കാവുന്നതാണ്.



ലിസ്റ്റിംഗ് വേളയിൽ ഒബിഎസ് സി പെർഫെക്ഷൻ എംഡി സാക്ഷം ലീഖ, ഗ്രൂപ്പ് ചെയർമാൻ ഉദയ് നാരംഗ് തുടങ്ങിയവർ

# ഒബിഎസ്സി പെർഫെക്ഷൻ എൻഎസ്ഇ എസ്എംഇയിൽ ലിസ്റ്റു ചെയ്തു

**കൊച്ചി:** പ്രെസിഷൻ മെറ്റൽ കമ്പോണന്റ് നിർമാതാക്കാളായ ഒബിഎസ് സി പെർഫെക്ഷന്റെ ഓഹരികൾ എൻഎസ്ഇ എസ്എംഇ പ്ലാറ്റ്ഫോമിൽ ലിസ്റ്റു ചെയ്തു. നിക്ഷേപകരിൽ നിന്നുള്ള മികച്ച പ്രതികരണത്തെത്തുടർന്ന വൈകാതെ തന്നെ 115.50 രൂപയായി ഉയർന്നു. പ്രെസിഷൻ എൻജിനീയറിംഗ് രംഗത്ത് കമ്പനിക്ക് പ്രതീക്ഷിക്കുന്ന മികച്ച വളർച്ചാസാധ്യത്യകൾക്ക് അടിവരയിടുന്നതാണ് ഈ പ്രതികരണമെന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷം ലീഖ പറഞ്ഞു. ഐപിഒവിനു ലഭിച്ചത് ഇടത്തരം പ്രതികരണമാണെങ്കിൽ ലിസ്റ്റു ചെയ്തതിനെത്തുടർന്ന് നിക്ഷേപകരെ ആകർഷിച്ചത് കമ്പനിയുടെ ശക്തമായ പ്രവർത്തന ശൃംഖലയും വളർച്ചാസാധ്യതകളുടമാണെമന്ന് അദ്ദേഹം പറഞ്ഞു. കമ്പനിയുടെ അടിസ്ഥാന ഘടകങ്ങൾ ശക്തമാണെങ്കിലും വലിയ മത്സരം നിലനിൽക്കുന്ന മേഖലയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പൂനെയിലും ശ്രീപെരുമ്പുതൂരിലുമുള്ള ഫാക്ടറികളുടെ ശേഷി വർധനവ് കണക്കിലെടുത്ത് ഇടത്തരംദീർഘകാല നിക്ഷേപങ്ങൾക്ക് പരിഗണിക്കാവുന്ന ഓഹരിയാണിതെന്ന് ആംഗ്ലിയൻ ഒമേഗ ഗ്രൂപ്പ് ചെയർമാൻ ഉദയ് നാരംഗ് പറഞ്ഞു.

1200 ഓഹരികളുടെ ലോട്ടിന് 95 രൂപ മുതൽ 100 രൂപ വരെയായിരുന്നു വിലനിരക്ക്. വിദേശ സ്ഥാപന നിക്ഷേപകർ 11 ബില്യൻ ഡോളറിന്റെ ഓഹരികൾ വിറ്റഴിച്ച സമയത്തും ഐപിഒവിന് 16.5 മടങ്ങ് അപേക്ഷകൾ ലഭിച്ചു. 2017ൽ പ്രവർത്തനമാരംഭിച്ച കമ്പനി ഒട്ടോമൊബീൽ വ്യവസായത്തിനാവശ്യമായ ലോഹഘടകഭാഗങ്ങളാണ് നിർമിക്കുന്നത്. പൂനെയിൽ മൂന്നു ഫാക്ടറികളുണ്ട്, തമിഴ്നാട്ടിൽ ഒന്നും. 1969ൽ സ്ഥാപിക്കപ്പെട്ട ആംഗ്ലിയൻ ഒമേഗ ഗ്രൂപ്പിന്റെ ഭാഗമാണ് കമ്പനി.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com